# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കള്ളിക്കാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജി.പി.5/1609/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 23/12/2022
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കള്ളിക്കാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കള്ളിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കള്ളിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജി.പി.5/1609/22 തീയ്യതി: 23/12/2022

## തിരുവനന്തപുരം ജില്ലയിലെ കള്ളിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ കള്ളിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ശ്രീജ.കെ | ഡെപ്യൂട്ടി ഡയറക്ടർ | 22-08-2022 | 30-08-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 22-08-2022 | 30-08-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സിന്ധുലാ ബീവി.എം-ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ.ജോസ്.ഡബ്ല്യൂ-അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.സുരേഷ് ബാബു.ബി-അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.കല.പി.ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| പന്ത ശ്രീകുമാർ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ഹരികൃഷ്ണൻ.കെ.ജി | സെക്രട്ടറി | 01-04-2021 | 12-10-2021 |

| | | | |
|---|---|---|---|
| മീര എൻ മേനോൻ | സെക്രട്ടറി | 13-10-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഡോ.അജോഷ് തമ്പി | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി | 01-04-2021 | 31-03-2022 |
| ഡോ ഫക്രുദ്ദീൻ | മെഡിക്കൽ ഓഫീസർ.ആയുർവേദം | 01-04-2021 | 31-03-2022 |
| ഡോ ദിവ്യ.കെ.പി. | മെഡിക്കൽ ഓഫീസർ.ഹോമിയോ | 01-04-2021 | 31-03-2022 |
| ഡോ സരിത | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീ ചന്ദ്രകുമാർ | ഹെഡ് മാസ്റ്റർ | 01-04-2021 | 31-03-2022 |
| ശ്രീമതി.രമ്യ.എം | അസി.എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ. ഷിൻസി. എൻ.ഐ. | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി ലക്ഷ്മി എസ്. നായർ | ഐ.സി.ഡി.എസ്സ്.സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ജയശ്രീ.കെ | ഡയറിഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-05-2021 |
| Vacant | ഡയറിഫാം ഇൻസ്ട്രക്ടർ | 01-06-2021 | 06-07-2021 |
| രതീഷ്.കെ | ഡയറിഫാം ഇൻസ്ട്രക്ടർ | 07-07-2021 | 31-03-2022 |
| ശ്രീമതി.പുഷ്പകുമാരി | വി.ഇ.ഒ (എ സർക്കിൾ) | 01-04-2021 | 25-09-2021 |
| ശ്രീ.രതീഷ് കുമാർ | വി.ഇ.ഒ (എ സർക്കിൾ) | 26-09-2021 | 31-03-2022 |
| ശ്രീമതി.ആര്യ | വി.ഇ.ഒ (ബി സർക്കിൾ) | 01-04-2021 | 20-08-2021 |
| ശ്രീ.രതീഷ് കുമാർ | വി.ഇ.ഒ (ബി സർക്കിൾ) | 21-08-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | ഗ്രാന്റ് വിനിയോഗം | 1-3 |
| 4 | പദ്ധതി അവലോകനം | 1-4 |
| 5 | ക്ഷേമ പദ്ധതികൾ | 1-5 |
| 6 | ക്യാഷ് ബാലൻസ്-പരിശോധന | 1-6 |
| 7 | ആഭ്യന്തര നിയന്ത്രണം | 1-7 |
| 8 | തൊഴിലുറപ്പ് പദ്ധതി. | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിശദാംശങ്ങൾ | 1-9 |
| 10 | വസ്തുനികുതി ഒഴിവാക്കൽ - അപേക്ഷകളിലെ രേഖകൾ അപൂർണ്ണം | 1-10 |
| 11 | വസ്തുനികുതി കാലാനുസൃതമായി പുതുക്കുന്നില്ല – തനത് വരുമാന വർദ്ധനവിന് ശ്രമിക്കേണ്ടതാണ് | 1-11 |
| 12 | തൊഴിൽ നികുതി പിരിവ്-അപാകതകൾ | 1-12 |
| 13 | മാർക്കറ്റ് വരവ്- 1,39,000/- രൂപ കുടിശ്ശിക നിൽക്കുന്നു | 1-13 |
| 14 | ഹരിതകർമ്മസേന – അക്കൗണ്ട് വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല | 1-14 |
| 15 | മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല. 497839/- രൂപ തടസ്സപ്പെടുത്തുന്നു. | 1-15 |
| 16 | ലോഗ് ബുക്ക് പരിപാലനത്തിലെ അപാകതകൾ | 1-16 |
| 17 | പാലിയേറ്റീവ് കെയറിലെ ഔദ്യോഗിക വാഹനത്തിലെ ലോഗ് ബുക്ക് പരിപാലനത്തിലെ അപാകതകൾ | 1-16-1 |
| 18 | ക്ഷീര സമൃദ്ധി ജനറൽ, ക്ഷീര സമൃദ്ധി വനിത പദ്ധതി - അപാകങ്ങൾ - 851/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-17 |
| 19 | ക്ഷീര കർഷകർക്ക് സബ്സിഡി തുക കൈമാറ്റം ചെയ്ത അക്കൗണ്ട് നമ്പരും അപേക്ഷകളിൽ രേഖപ്പെടുത്തിയിരിക്കുന്ന അക്കൗണ്ട് നമ്പരും തമ്മിൽ വ്യത്യാസം | 1-17-1 |
| 20 | ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ പ്രോജക്ടിൽ ഫയലും ചെലവു രേഖകളും, ബിൽ ബുക്കും ഹാജരാക്കിയില്ല. 100000/- രൂപ തടസ്സപ്പെടുത്തുന്നു. | 1-18 |
| 21 | ശരിയായ മുന്നൊരുക്കങ്ങൾ ഇല്ലാത്തതു മൂലം പ്രോജക്ടുകൾ ഉപേക്ഷിക്കപ്പെടുന്നു - പദ്ധതിപ്പണം പാഴാവുന്നു | 1-19 |
| 22 | മഞ്ചാടിമൂട്-പള്ളിവിള നടപ്പാത ഇൻറർലോക്കിംഗ്- ചെയ്യാത്ത പ്രവർത്തിക്ക് അനുവദിച്ച തുക തിരികെ അടവാക്കേണ്ടതാണ്. | 1-20 |

| | | |
|---|---|---|
| 23 | ടേക്ക് എ ബ്രേക്ക് നിർമ്മാണം | 1-21 |
| 24 | വ്യാപകമായി പ്രോജക്ടുകൾ റിവൈസ് ചെയ്യുന്നു . | 1-22 |
| 25 | ലൈഫ് ഭവനപദ്ധതി ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. | 1-23 |
| 26 | പദ്ധതി ആസൂത്രണത്തിന്റെ ഭാഗമായുള്ള പ്രിന്റിംഗ് നടപടികൾ- നിയമാനുസൃത ക്വട്ടേഷനുകൾ സ്വീകരിക്കാതെ വാങ്ങൽ നടപടികൾ തുടരുന്നു. | 1-24 |
| 27 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാൻ അവശേഷിക്കുന്ന പദ്ധതികൾ | 1-25 |
| 28 | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് പദ്ധതി- അപാകതകൾ സംബന്ധിച്ച് | 1-26 |
| 29 | പടപ്പുറ റോഡ് മെയിന്റനൻസ്-പ്രവൃത്തി നിർവഹണത്തിലെ അപാകതകൾ | 1-27 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | മഞ്ചാടിമൂട്-പള്ളിവിള നടപ്പാത ഇൻറർലോക്കിംഗ്-ചെയ്യാത്ത പ്രവർത്തിക്ക് അനുവദിച്ച തുക തിരിച്ചടവാക്കേണ്ടതാണ്-5475/ രൂപ നഷ്ടം | 3-1 |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം. | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ . | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പാ തിരിച്ചടവ്. | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട് ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016/ തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ' അനുസരിച്ച് സർക്കാർ അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് മാന്വൽ പ്രകാരം പാലിക്കേണ്ട നടപടി/ സമയക്രമങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ 2021-22 വാർഷിക ബജറ്റ് 22.02.2021 ലെ 1 -ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

1-1-1. ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 3395873 |
| വരവ് | 304883000 |
| ആകെ | 308278873 |
| ചെലവ് | 306798000 |
| നീക്കിയിരിപ്പ് | 1480873 |

ബജറ്റ് നിയന്ത്രണത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, സെക്രട്ടറി, അക്കൗണ്ടന്റ് എന്നിവരുടെ ചുമതല വളരെ പ്രധാനപ്പെട്ടതാണ്. സ്ഥാപനത്തിന്റെ സാമ്പത്തിക അച്ചടക്കത്തിന്റെ ആണിക്കല്ലായ ബജറ്റിൽ എല്ലാ വരവ്-ചെലവിനങ്ങളും ഉൾപ്പെടുവെന്നും ലഭ്യമാകുവാനുള്ള എല്ലാ തുകകളും ലഭ്യമായെന്നും ഉറപ്പാക്കേണ്ടത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയാണ്. അലോട്ട്മെന്റുകൾ നൽകുമ്പോൾ ആയത് ബജറ്റിന് അനുസൃതമാണെന്ന് അക്കൗണ്ടന്റും സെക്രട്ടറിയും ഉറപ്പാക്കേണ്ടതാണ്.

2021-22 വർഷത്തെ ബജറ്റ് പ്രകാരമുള്ള വരവും ചെലവും വാർഷിക കണക്ക് പ്രകാരമുള്ള യഥാർത്ഥ വരവും ചെലവും തമ്മിൽ ഭീമമായ അന്തരം ഉള്ളതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വിവരം | ബജറ്റ് പ്രകാരം | യഥാർത്ഥ തുക |
|---|---|---|
| പ്രാരംഭ ബാക്കി | 3395873 | 4042979 |
| തൻവർഷം വരവ് | 304883000 | 75576583 |
| ആകെ വരവ് | 308278873 | 79619562 |
| ചെലവ് | 306798000 | 71337634 |
| നീക്കിയിരിപ്പ് | 1480873 | 8281928 |

1-1-2. ബജറ്റ് പ്രൊപ്പോസൽ.

സെക്രട്ടറി ബജറ്റ് രൂപീകരണത്തിന് മുന്നോടിയായി നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസൽ ഘടക സ്ഥാപനങ്ങളിൽ നിന്നും ആവശ്യപ്പെടണം. കത്ത് നം A1-180/21 Dtd 15.01.2021 പ്രകാരം ഘടകസ്ഥാപനങ്ങളിൽനിന്നും സെക്രട്ടറി പ്രപ്പോസലുകൾ ആവശ്യപ്പെട്ടിരുന്നു. ഇതനുസരിച്ച് നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസലുകൾ ഘടകസ്ഥാപനങ്ങൾ സമർപ്പിക്കേണ്ടതാണ്. എന്നാൽ ഒരു സ്ഥാപനത്തിന്റെയും ബജറ്റ് പ്രൊപ്പോസൽ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ആയതിനാൽ എല്ലാ ഘടക സ്ഥാപനങ്ങളുടെയും നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലല്ല ബജറ്റ് തയ്യാറാക്കിയിട്ടുള്ളത് എന്ന് വ്യക്തമാകുന്നു.

ഗ്രാമപഞ്ചായത്തിന്റെ ബജറ്റ് പരിശോധിച്ചതിൽ ചുവടെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1-1-3. ബഡ്ജറ്റ് രൂപീകരണം സംബന്ധിച്ച്

സ.ഉ(സാധാ)നം.3291/2016/തസ്വഭവ തിയ്യതി 02.12.2016 പ്രകാരമുള്ള ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് മാന്വൽ അനുസരിച്ച് പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും ക്രോഡീകരിക്കുന്നതിനും ബജറ്റ് തയ്യാറാക്കുന്നതിനും സമയക്രമം നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയതായി കാണുന്നു. നിയമം അനുശാസിക്കും വിധം സമയ പരിധിയോടെ ബഡ്ജറ്റ് നടപടിക്രമങ്ങൾ പാലിക്കുന്നതിനും, ബന്ധപ്പെട്ട ഫയൽ കൃത്യതയോടെ തയ്യാറാക്കി സൂക്ഷിക്കുന്നതിനും, മേൽ അപാകതകൾ പരിഹരിക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

1-1-4. പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിച്ചിട്ടില്ല .

02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/ എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം പാസാക്കിയ ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ ഖ.3.1(ii) പ്രകാരം വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1. ബജറ്റ് പ്രസംഗം

2. ബജറ്റ് കുറിപ്പുകൾ

ബജറ്റുമായി ബന്ധപ്പെട്ട ഫയലിൽ പ്രസ്തുത രേഖകൾ ഉൾപ്പെട്ടിട്ടില്ല.

1-1-5. ബജറ്റ് അവലോകനം സംബന്ധിച്ച്

*പ്രതിമാസ അവലോകനം

02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ആയത് പ്രകാരം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും എല്ലാ മാസവും 5-ാം തീയതിയ്ക്ക് മുൻപായി മാസം തോറുമുള്ള അവലോകന റിപ്പോർട്ടും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കേണ്ടതും, അതിന്റെ അടിസ്ഥാനത്തിൽ പട്ടിക 4-1, 4-2 എന്നിവ പ്രകാരം വരുമാനവും ചെലവും സംബന്ധിച്ച് മാസം തോറുമുള്ള അവലോകന റിപ്പോർട്ട് സെക്രട്ടറി ഗ്രാമപഞ്ചായത്തിന്റെ ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കേണ്ടതും, എല്ലാ മാസവും 10-ാം തീയതിക്ക് മുൻപായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മാസം തോറുമുള്ള അവലോകനം നിർവ്വഹിക്കേണ്ടതായിട്ടുമുണ്ട്. പ്രസ്തുത അവലോകനത്തിന്റെ അടിസ്ഥാനത്തിൽ വിഭവ സമാഹരണത്തിന്റെയും ചെലവിന്റെയും പുരോഗതി സംബന്ധിച്ച പുരോഗതി റിപ്പോർട്ട് (മേൽ മാതൃകയിൽ) ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതും ആയത് ഒരു അജണ്ടയാക്കി ഗ്രാമപഞ്ചായത്ത് മീറ്റിംഗിൽ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതുമാണ്. കൂടാതെ പ്രസിഡന്റ് മാസം തോറും നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഒരു യോഗം കൂടേണ്ടതും നിർവ്വഹണ പുരോഗതി വിലയിരുത്തേണ്ടതും അടുത്ത മാസത്തെ പ്രവർത്തന പദ്ധതി ചർച്ച ചെയ്യേണ്ടതുമാണ്. മാസം തോറുമുള്ള അവലോകനം സെക്രട്ടറി ഏകോപിക്കേണ്ടതുമാണ്. [ബജറ്റ് മാന്വൽ ഖണ്ഡിക 4-4].

*വാർഷിക അവലോകനം

02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം മേൽ വിവരിച്ച ഒരു മാതൃകയിൽ വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5 വ്യക്തമാക്കുന്നു. പ്രതിമാസമുള്ളതും, വാർഷികവുമായ റിപ്പോർട്ടുകൾ പരിഗണിച്ച് ധനസമാഹരണം സംബന്ധിച്ചും സെക്രട്ടറി അടക്കമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ തുടർനിർദ്ദേശം ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5(xi) വ്യക്തമാക്കുന്നു. എന്നാൽ ഇത്തരത്തിൽ അവലോകനങ്ങൾ നടത്തിയിട്ടില്ല.

1-1-6.ബജറ്റും യഥാർത്ഥ ചെലവും പരസ്പരം പൊരുത്തപ്പെടുന്നില്ല.

ബജറ്റ് പ്രകാരമുള്ള വകയിരുത്തലും വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള യഥാർത്ഥചെലവുകളും പരിശോധിച്ചതിൽ ചില ഇനങ്ങൾക്ക് ബജറ്റിൽ വകയിരുത്താതെ ചെലവ് ചെയ്തതായും ചില ഇനങ്ങൾക്ക് ബജറ്റിൽ വകയിരുത്തിയതിനെക്കാൾ അധികം തുക ചെലവഴിച്ചതായും മറ്റ് ചില ഇനങ്ങൾക്ക് ബജറ്റിൽ വകയിരുത്തിയിട്ടും ചെലവ് ചെയ്യാത്തതായും ശ്രദ്ധയിൽപ്പെട്ടു.ഏതാനും ചില ഉദാഹരണങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

| ബജറ്റ് പ്രകാരമുള്ള ഹെഡ് | ബജറ്റിൽ വകയിരുത്തിയ തുക | വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള ചെലവ് | ഇനം |
|---|---|---|---|
| 2102002 | 50000 | 628238 | Allowances |
| 2105001 | -- | 148464 | EPF Contribution |
| 2201101 | 150000 | 207362 | Office Expences |
| 2201201 | 75000 | 109883 | Communication Expences |
| 2206101 | 5000 | 0 | Membership&Subscription |
| 2302001 | -- | 169500 | Bulk Purchase Of Water Distribution |

| | | | |
|---|---|---|---|
| 2308001 | 100000 | 1914225 | Other Operational&maintenance Expences |

ഭാവിയിൽ അപാകതകൾ പരിഹരിച്ച് ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2020 | 19.07.2022 |

വാർഷിക ധനകാര്യപത്രിക പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ

1. അക്കൗണ്ട് റവന്യൂ കമ്മിയായി നിലനിൽക്കുന്നു.

ഇൻകം ആന്റ് എക്സ്പെൻഡിച്ചർ ഷെഡ്യൂളിൽ ആകെ വരവ് (234266471) ആകെ ചെലവിനെക്കാൾ (236879050) കുറവാണ്. ഇത് സ്ഥാപനം തൻവർഷം 2612579 രൂപാ കടത്തിലാണ് എന്നത് വെളിവാക്കുന്നു.

2. Prior Period Items-ഭരണസമിതി തീരുമാനം ലഭ്യമല്ല.

ഇൻകം & എക്സ്പെൻഡിച്ചർ പത്രികയിൽ I-18 - ൽ Prior Period Items വരവ്, ചെലവ് തുകകൾ ഒഴിവാക്കിയിരിക്കുന്നതായി കാണുന്നു.

| ഹെഡ് | ഇനം | തുക |
|---|---|---|
| 280100104 | Prior Period Income-property Tax On Residential Building. | 116911 |
| 280800101 | Prior Period-Establishment Expenses. | 3196 |
| 280800701 | Prior Period-Miscellaneous Expenses. | 65965 |

3. ഡെപ്പോസിറ്റുകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നു.

മുൻ വർഷങ്ങളിൽ നീക്കിയിരിപ്പായി നിലനിന്നിരുന്ന ചുവടെ പറയുന്ന ഡെപ്പോസിറ്റുകൾ നാളിതുവരെയും ക്രമീകരിച്ചിട്ടില്ല.

| ഹെഡ് | ഇനം | തുക |
|---|---|---|
| 340100101 | Contractors EMD | 93138 |
| 340100102 | Suppliers EMD | 82190 |
| 340100201 | Contractors Security Deposit | 12020 |
| 340100202 | Suppliers Security Deposit | 51448 |
| 340100301 | Contractors Retention | 89011 |
| 340109901 | Other Deposits. | 3000 |

4. ബാധ്യതാ തുകകൾ തൻവർഷവും ചെലവഴിച്ചിട്ടില്ല.

വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ മുൻവർഷ B4 ഷെഡ്യൂളുകളിൽ ബാധ്യതയായി നിലനിന്നിരുന്ന തുകകൾ തൻവർഷവും അതേപടി ബാധ്യതയായി നിൽക്കുന്നു.

| ഹെഡ് | ഇനം | തുക |
|---|---|---|
| 320200317 | Grant For Drinking Water Scheme | 8616 |
| 320300199 | Grant, Funds, Contributions For Specific Purposes-Other Govt Agencies. | 453570 |

| | | |
|---|---|---|
| 320700104 | Contributions For Joint Venture Projects. (For Capital Expenditure) From Block Panchayats. | 2023 |
| 320700204 | Contributions For Joint Venture Projects. (For Revenue Expenditure) From Block Panchayats. | 775123 |
| 320700205 | Contributions For Joint Venture Projects. (For Revenue Expenditure) From District Panchayats | 408649 |
| 320700404 | Contributions For Other Specific Purposes (For Revenue Expenditure) From Block Panchayats. | 69618 |
| 320800199 | Other Grants, Funds & Contributions For Specific Purposes-capital | 432731 |
| 320800299 | Donations To Flood | 2000 |
| 320900101 | Nirmal Puraskar | 3830 |
| 320900399 | Other Awards And Honours | 10000 |
| 350200301 | Recoveries Payable-Covid. | 231477 |

ഈ തുകകകൾ ചെലവഴിക്കുകയോ ലഭ്യമാക്കിയ അതത് ഏജൻസികൾക്ക് തിരികെ നൽകുവാനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. പ്രസ്തുത തുകകൾ ചെലവഴിക്കാത്തതിനും ഇവയുടെ നിലവിലെ അവസ്ഥ സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കാനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

5. തനത് വരവിനങ്ങളുടെ ഡി.സി.ബി. പരസ്പരം പൊരുത്തപ്പെടുന്നില്ല.

തനത് വരുമാനങ്ങളുടെ ഡി.സി.ബി. വിവരങ്ങൾ വാർഷിക ധനകാര്യപത്രികയിൽ ചേർത്തിരിക്കുന്നവ പരസ്പരം പൊരുത്തപ്പെടുന്നില്ല.

| ഇനം | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | റിമാർക്ക്സ് |
|---|---|---|---|---|
| വസ്തുനികുതി-പാർപ്പിടം (തൻവർഷം) | 706835 | 683303 | 24968 | ഇവ പരസ്പരം പൊരുത്തപ്പെടുന്നില്ല |
| വസ്തുനികുതി-പാർപ്പിട ഇതരം (തൻവർഷം) | 1024014 | 665586 | 376350 | ഇവ പരസ്പരം പൊരുത്തപ്പെടുന്നില്ല |
| വസ്തുനികുതി-പാർപ്പിടം (കുടിശ്ശിക) | 247204 | 208658 | 48586 | ഇവ പരസ്പരം പൊരുത്തപ്പെടുന്നില്ല |
| വസ്തുനികുതി-പാർപ്പിട ഇതരം (കുടിശ്ശിക) | 452733 | 126347 | 197313 | ഇവ പരസ്പരം പൊരുത്തപ്പെടുന്നില്ല |
| തൊഴിൽ നികുതി-ട്രേഡേഴ്സ് (കുടിശ്ശിക) | 0 | 6300 | 0 | ഡിമാന്റ് ഇല്ലാതെ വരവ് |
| മാർക്കറ്റ് വരവ് (തൻവർഷം) | 20000 | 15000 | 0 | ഇവ പരസ്പരം പൊരുത്തപ്പെടുന്നില്ല |
| ഡി&ഒ ലൈസൻസ്-കുടിശ്ശിക | 0 | 2720 | 0 | ഡിമാന്റ് ഇല്ലാതെ വരവ് |
| വാടക-തൻവർഷം | 82956 | 52241 | 26715 | ഇവ പരസ്പരം പൊരുത്തപ്പെടുന്നില്ല |

6. MNREGS വിവരങ്ങൾ പരസ്പരം പൊരുത്തപ്പെടുന്നില്ല.

MNREGS വിവരങ്ങൾ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ളവയും ക്യാഷ് ബുക്ക് പ്രകാരമുള്ളവയും പരസ്പരം പൊരുത്തപ്പെടുന്നില്ല.

| ഇനം | വാർഷിക ധനകാര്യപത്രിക പ്രകാരം | ക്യാഷ് ബുക്ക് പ്രകാരം |
|---|---|---|
| വരവ് (അഡ്ഗിൻ) | 1972619 | 1970992 |
| ചെലവ് (അഡ്ഗിൻ) | 1971550 | 1969923 |
| തൊഴിലാളികൾക്ക് നേരിട്ട് നൽകുന്ന തുക | 131534000 | 131536000 |

7. പ്ലാൻഫണ്ട് ചെലവുകൾ വ്യത്യാസം നിലനിൽക്കുന്നു.

പ്ലാൻഫണ്ട് ചെലവുകൾ എ.സി.ആർ പ്രകാരവും എ.എഫ്.എസ്സ് പ്രകാരവും വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഇനം | വാർഷിക ധനകാര്യപത്രിക പ്രകാരം | എ.സി.ആർ പ്രകാരം |
|---|---|---|
| മെയിന്റനൻസ് ഫണ്ട് റോഡ് | 17256748 | 19375944 |
| സി.എഫ്.സി. | 618221 | 3475319 |
| സി.എഫ്.സി. | 802545 | 3749656 |

8. അഡ്വാൻസ് വിവരങ്ങൾ സംബന്ധിച്ച്

ഗ്രാമ പഞ്ചായത്തിന്റെ വിവിധ ഇനങ്ങളിലെ അഡ്വാൻസ് തുകകൾ വാർഷിക ധനകാര്യപത്രിക പ്രകാരം പരസ്പരം പൊരുത്തപ്പെടുന്നില്ല.കൂടാതെ വിവിധ അഡ്വാൻസ് ഇനങ്ങൾ നാളിതുവരെ ക്രമീകരിച്ചിട്ടുമില്ല. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | മുൻബാക്കി | തൻവർഷം നൽകിയ തുക | ആകെ | തൻവർഷം തിരികെ ലഭിച്ച തുക/അഡ്ജസ്റ്റ് മെന്റ് | വർഷാവസാനം ലഭ്യമാകാനുള്ള തുക | റിമാർക്ക്സ് |
|---|---|---|---|---|---|---|
| KSEB | 671742 | 2460913 | 3132655 | 0 | 2460913 | വിവരം പരസ്പരം പൊരുത്തപ്പെടുന്നില്ല |
| Advance To Implementing Officers | 544185 | 224724 | 768909 | 0 | 768909 | തുക അഡ്ജസ്റ്റ് ചെയ്യാൻ അവശേഷിക്കുന്നു. |
| Festival Advance | 0 | 80000 | 80000 | 6000 | 3000 | വിവരം പരസ്പരം പൊരുത്തപ്പെടുന്നില്ല |
| KWA | 3705055 | 2310100 | 6015155 | 0 | 6015155 | തുക അഡ്ജസ്റ്റ് ചെയ്യാൻ അവശേഷിക്കുന്നു. |

തുകകൾ ക്രമീകരിച്ച് വിവരം ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

9. B-9 ലൈബ്രറിസെസ് ഇനത്തിൽ നീക്കിയിരിപ്പ് ക്രമീകരിക്കേണ്ടതാണ്.

ലൈബ്രറിസെസ് ഇനത്തിൽ വാർഷിക ധനകാര്യപത്രിക പ്രകാരം തൻവർഷം തിരിച്ചടവില്ല. 145455/-രൂപ ബാധ്യതയായി നിൽക്കുന്നു. വിവരം ചുവടെ ചേർക്കുന്നു.

| കോഡ് നം | ഇനം | മുന്നിരിപ്പ് | വരവ് | ചെലവ്/ഒടുക്ക് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 350300101 | Library Cess | 61286 | 84169 | 0 | 145455 |

10. വാർഷിക ധനകാര്യപത്രിക പ്രകാരം തൻവർഷ ഡിപ്രീസിയേഷൻ 2813542/-ആണ്.സ്ഥാപനം തയ്യാറാക്കിയ ഡിപ്രീസിയേഷൻ പത്രിക പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

11. Liability In Respect Of Stale Cheque-ഇനത്തിൽ 25000/-വരവുണ്ട്.വിവരങ്ങൾ ലഭ്യമാക്കിയില്ല.

12. B-9 Other Liabilities (350800299) ഇനത്തിൽ മുൻവർഷത്തെ 24040/-രൂപ തൻവർഷവും ബാധ്യതയായി നിലനിൽക്കുന്നു.ഇത് ഏത് ബാധ്യതയിനത്തിലെ തുകയാണെന്നും. നാളിതുവരെ ക്രമീകരിക്കാത്തതിന് വിവരം ലഭ്യമാക്കാനും ആവശ്യപ്പെട്ടിരുന്നു.വിവരം ലഭ്യമാക്കിയില്ല.

13. ക്ഷേമപെൻഷൻ ഇനത്തിൽ നൽകിയ തുകകളെ സംബന്ധിക്കുന്ന ഡി.ബി.റ്റി പത്രിക പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

14. ഗുണഭോക്തൃ വിഹിതം (Beneficiary Contribution) ഇനത്തിൽ മുന്നിരിപ്പ് ഉൾപ്പെടെ ആകെ 289915/- രൂപയുടെ വരവുണ്ട്. തൻവർഷ നീക്കിയിരിപ്പ് 20720/- ആണ്. ചെലവ് സംബന്ധിക്കുന്ന വിവരങ്ങൾ ലഭ്യമാക്കിയില്ല.

15. I-14 (D) പ്രകാരം വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം ഇനത്തിൽ 2,70,000/- രൂപ വരവുണ്ട്. എന്നാൽ പ്രസ്തുത വരവിന്റെ വിശദാംശങ്ങൾ RP –ൽ ഉൾപ്പെട്ടിട്ടില്ല.

## 1-3 ഗ്രാന്റ് വിനിയോഗം

ഗ്രാമ പഞ്ചായത്ത് ലഭ്യമാക്കിയ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള വിവരങ്ങളാണ് ചുവടെ ചേർക്കുന്ന പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

| ഗ്രാന്റ്/ഫണ്ട് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ധനകാര്യ കമ്മിഷൻ അവാർഡ് (Tied Grant) | 0 | 9575265 | 9575265 | 3749656 | 5825609 |
| ധനകാര്യ കമ്മിഷൻ അവാർഡ് (Basic Grant) | 0 | 3910086 | 3910086 | 3475319 | 434767 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 24733769 | 24733769 | 19375944 | 5357825 |
| മെയിന്റനൻസ് ഗ്രാന്റ്-നോൺ-റോഡ് | 0 | 6003686 | 6003686 | 5948485 | 55201 |
| വികസനഫണ്ട് ജനറൽ | 0 | 15878999 | 15878999 | 15483090 | 395909 |
| വികസനഫണ്ട് ടി.എസ്.പി | 0 | 830950 | 830950 | 802232 | 28718 |
| വികസനഫണ്ട് | 0 | 2810934 | 2810934 | 2468200 | 342734 |

| | | | | | |
|---|---|---|---|---|---|
| എസ്.സി.പി. | | | | | |

ഗ്രാമപഞ്ചായത്തിന്റെ ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം 20/12/2022നാണ് ലഭ്യമാക്കിയത്.ആയത് പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ട്.ഗ്രാന്റ് പത്രിക പ്രകാരമുള്ള വികസന ഫണ്ട് ജനറൽ,വികസന ഫണ്ട്-എസ്.സി.പി,വികസന ഫണ്ട്-ടി.എസ്.പി കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റുകൾ,മെയിന്റനൻസ് ഗ്രാന്റ് റോഡ് എന്നിവയുടെ ചെലവുകൾ എ.സി.ആർ, വാർഷിക ധനകാര്യപത്രിക എന്നിവ പ്രകാരമുള്ള ചെലവ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.മാത്രമല്ല വികസനഫണ്ട് ജനറൽ,വികസനഫണ്ട് ടി.എസ്.പി.എന്നിവയുടെ നീക്കിയിരിപ്പ് ഗ്രാന്റ് വിനിയോഗ പത്രിക പ്രകാരം നെഗറ്റീവാണ്. മേൽ അപാകങ്ങൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം

| ആകെ പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ അടങ്കൽ | ആകെ ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| 167 | 143 | 24 | 95417875 | 55412908 | 58.07% |

## 1-5 ക്ഷേമ പദ്ധതികൾ

2021-22 സാമ്പത്തിക വർഷത്തിൽ സ്ഥാപനം നൽകിയ ക്ഷേമ പെൻഷനുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്ഷേമ പെൻഷൻ ഇനം | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 3141200 | 209 |
| വിധവാപെൻഷൻ | 13633000 | 894 |
| വാർദ്ധക്യകാല പെൻഷൻ | 18655200 | 1478 |
| വികലാംഗ പെൻഷൻ | 3800600 | 245 |
| 50 വയസ്സിനുമേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 208000 | 9 |
| വിവാഹ ധനസഹായം | 270000 | 9 |

അപാകതകൾ

2021-2022 സാമ്പത്തിക വർഷത്തിൽ കള്ളിക്കാട് ഗ്രാമപഞ്ചായത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ട മരണങ്ങളിൽ ലഭ്യമായ അപേക്ഷകളുടെ വിവരവും സേവനസോഫ്റ്റ് വെയറും പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന വ്യക്തികളുടെ പെൻഷൻ മരണ ശേഷവും വിതരണം ചെയ്തതായി കാണുന്നു. സർക്കുലർ നം. 69/2018/ധന തീയതി 26/07/2018-ലെ മരണപ്പെട്ടവരുടെയും പുനർ വിവാഹം ചെയ്യുന്നവരുടേയും വിവരങ്ങൾ അങ്കണവാടി/ആശാവർക്കർമാർ മുഖേന ശേഖരിച്ച് അതാത് മാസം ഡാറ്റാ ബേസിൽ നിന്നും സെക്രട്ടറിമാർ ഒഴിവാക്കേണ്ടതാണ്. പെൻഷൻ വിതരണം നടത്തുന്ന സഹകരണ സ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിനുശേഷവും മരണപ്പെട്ടവരുടെ വിവരം ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കണം. മരണപ്പെട്ട വ്യക്തികളെ സേവന സോഫ്റ്റ് വെയറിൽ നിന്നും സസ്പെന്റ് ചെയ്യുവാൻ സെക്രട്ടറി നടപടി സ്വീകരിക്കണം. എന്നിരിക്കെ പെൻഷൻ മരണ ശേഷവും വിതരണം ചെയ്തതായി കാണുന്നു.

ഉദാ--

| ക്രമ | ആധാർ നം. | പേര് | പെൻഷൻ | മരിച്ച | അധികം | അധികം |
|---|---|---|---|---|---|---|

| നം. | | | | തീയതി | കൈപ്പറ്റിയ കാലയളവ് | കൈപ്പറ്റിയ തുക |
|---|---|---|---|---|---|---|
| 1 | 200417711401 | ഭാർഗ്ഗവിയമ്മ | വാർദ്ധക്യകാല പെൻഷൻ | 27/3/2021 | 1 മാസം | 1600 |
| 2 | 207269409518 | സുരേന്ദ്രനാശാരി | വാർദ്ധക്യകാല പെൻഷൻ | 14/6/2021 | 12 മാസം<br>07/21 മുതൽ 06/22 വരെ<br>1600x12 | 19200 |
| 3 | 965725329662 | പി പങ്കജാക്ഷി | വിധവാ പെൻഷൻ | 6/8/21 | 10 മാസം<br>09/21 മുതൽ 06/22 വരെ<br>1600x10 | 16000 |
| 4 | 596325894495 | ഐഷാബീവി | വാർദ്ധക്യകാല പെൻഷൻ | 25/8/21 | 4 മാസം<br>09/21 മുതൽ 12/21 വരെ<br>1600x4=6400 | 6400 |
| 5 | 734547802370 | മോഹനൻ ജി | വാർദ്ധക്യകാല പെൻഷൻ | 9/9/21 | 9 മാസം<br>10/21 മുതൽ 6/22 വരെ<br>1600x9 | 14400 |
| 6 | 685278254704 | രാമചന്ദ്രൻ പി | വാർദ്ധക്യകാല പെൻഷൻ | 19/9/21 | 9 മാസം<br>10/21 മുതൽ 6/22 വരെ<br>1600x9 | 14400 |
| 7 | 899206117776 | ഗോമതി | വിധവാ പെൻഷൻ | 15/9/21 | 9 മാസം<br>10/21 മുതൽ 6/22 വരെ<br>1600x9 | 14400 |
| 8 | 246570669715 | ദാസൻ | വാർദ്ധക്യകാല പെൻഷൻ | 4/10/21 | 8 മാസം<br>11/21 മുതൽ 9/22 വരെ<br>1600x11 | 17600 |
| 9 | 888267915997 | സുലോചനയമ്മ | കർഷക ക്ഷേമ പെൻഷൻ | 28/10/21 | 1 മാസം<br>11/21 | 1600 |
| 10 | 444850430861 | തങ്കപ്പൻ കെ | വാർദ്ധക്യകാല പെൻഷൻ | 12/11/21 | 2 മാസം<br>1600x2 | 3200 |

ഇതു സംബന്ധിച്ച് 25/08/2022 -ൽ നൽകിയ ആഡിറ്റ് എൻക്വയറിയ്ക്ക് (09) മറുപടിയ്ക്ക് അധികമായി നൽകിയ തുക തിരികെ ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു.

## 1-6 ക്യാഷ് ബാലൻസ്-പരിശോധന

1994 -ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4) -ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29.08.2022 11.15 AM ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6903/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം

ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമാണ്. ഫ്രണ്ട് ഓഫീസ് ഡയറി, ഡ്യൂട്ടി രജിസ്റ്റർ, ഇൻവേഡ് രജിസ്റ്റർ, സ്റ്റാഫ് മീറ്റിംഗ് മിനിട്സ് ബുക്ക് എന്നിവ എഴുതി സൂക്ഷിക്കുന്നുണ്ട്. 2021-22 കാലയളവിൽ 956 അപേക്ഷകൾ ഫ്രണ്ട് ഓഫീസ് വഴി ലഭിച്ചിട്ടുണ്ട്. എല്ലാ അപേക്ഷകളിലും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഏപ്രിൽ മുതൽ ILGMS വഴിയാണ് അപേക്ഷകൾ സ്വീകരിക്കുന്നത്. വിവരവകാശ നിയമപ്രകാരമുള്ള നോട്ടീസ്, പൗരവകാശരേഖയുടെ രത്നചുരുക്കം എന്നിവ പഞ്ചായത്തിന് മുന്നിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. ടോക്കൺ സംവിധാനം നിലവിലില്ല. പൗരവകാശ രേഖ 2021 -ലാണ് അവസാനമായി പ്രസീദ്ധീകരിച്ചിട്ടുള്ളത്. പഞ്ചായത്തിലെത്തുന്ന പൊതുജനങ്ങൾക്കായി കുടിവെള്ളം, ടോയ് ലെറ്റ് സംവിധാനം, ഫീഡിംഗ് റൂം സംവിധാനം എന്നിവ ഒരുക്കിയിട്ടില്ല. തനത് വരവ് പിരിച്ചെടുക്കുന്നതിൽ പോരായ്മകൾ നിലനിൽക്കുന്നു. പഞ്ചായത്ത് പരിധിയിലെ എല്ലാ വ്യാപാര സ്ഥാപനങ്ങളും ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കുന്നില്ല. ഡിമാന്റ് നോട്ടീസ് നൽകി തൊഴിൽ നികുതി ഈടാക്കുന്നതിലും അപാകതകൾ നിലനിൽക്കുന്നു. കരാറുകാരിൽ നിന്നും തൊഴിൽ നികുതി പിരിക്കുന്നില്ല. നികുതി, ലൈസൻസ് ഫീ, ലേലം എന്നീ തനതു വരുമാന സ്രോതസ്സുകൾ കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്. പ്രസ്തുത അപാകങ്ങൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-8 തൊഴിലുറപ്പു പദ്ധതി.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 0 | 1972619 | 1972619 | 1971550 | 1069 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 131534000 | 131534000 | 131534000 | 0 |
| ആകെ | 0 | 133506619 | 133506619 | 133505550 | 1069 |

### 1-8-1 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അവലോകനം.

അവിദഗ്ധമേഖലയിൽ തൊഴിൽ ഉറപ്പ് വരുത്തിക്കൊണ്ട് ഗ്രാമീണ കുടുംബങ്ങളുടെ ഉപജീവനവും സുരക്ഷിതത്ത്വവും ഉറപ്പ് വരുത്തുക, സ്ഥായിയായ ആസ്തികൾ സൃഷ്ടിക്കുക എന്നിവയാണ് തൊഴിലുറപ്പ് പദ്ധതിയുടെ ആത്യന്തിക ലക്ഷ്യം.

പഞ്ചായത്തിലെ 13 വാർഡുകളിലായി ആകെ 208 അയൽക്കൂട്ടങ്ങളാണുള്ളത്. 2021-22 സാമ്പത്തിക വർഷത്തിൽ 111 തൊഴിൽ കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്. 4022 പേർ തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിച്ചു. 3151 കുടുംബങ്ങൾ തൊഴിൽ ഡിമാന്റ് ചെയ്തിട്ടുണ്ട്.

990 പദ്ധതികൾക്ക് സാങ്കേതികനുമതി ലഭിച്ചുവെങ്കിലും 891 എണ്ണം മാത്രമേ പൂർത്തിയാക്കിയിട്ടുള്ളൂ. 246418

തൊഴിൽദിനങ്ങൾ മാത്രമാണ് 2021-22 കാലയളവിൽ സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുള്ളത്. 100 ദിവസം തൊഴിൽ ലഭിച്ച 1960 കുടുംബങ്ങൾ മാത്രമാണുള്ളത്. ലേബർ കമ്പോണന്റ് ഇനത്തിൽ 73265000 രൂപയും മെറ്റീരിയൽ കമ്പോണന്റ് ഇനത്തിൽ 5827100 രൂപയും ചെലവായി.

വരും വർഷങ്ങളിൽ തൊഴിൽ കാർഡ് നേടിയ മുഴുവൻ പേർക്കും പരമാവധി തൊഴിൽ ദിനങ്ങൾ ഉറപ്പ് വരുത്തുവാൻ അധികൃതർ ശ്രദ്ധിക്കേണ്ടതാണ്. തൊഴിലുറപ്പ് പദ്ധതിയിൽ നൽകുന്ന സേവനങ്ങളെ സംബന്ധിച്ചും അതിന്റെ നിബന്ധനകളെ സംബന്ധിച്ചും പരാതി പരിഹാര സംവിധാനത്തെ സംബന്ധിച്ചും വ്യക്തമായ ബോർഡ് പ്രദർശിപ്പിക്കേണ്ടതാണ്.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിശദാംശങ്ങൾ

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 29.04.2022 | 01.08.21മുതൽ 31.03.20 വരെ | ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30.01.20 | 2014-15 മുതൽ 2017-18 വരെ | 11.03.20 |

## 1-10 വസ്തുനികുതി ഒഴിവാക്കൽ - അപേക്ഷകളിലെ രേഖകൾ അപൂർണ്ണം

ജി.ഒ (എം.എസ്). 144/15/തസ്വഭവ തീ.27.04.2015, ജി.ഒ (എം.എസ്). 358/15/തസ്വഭവ തീ. 16.12.2015 എന്നിവ പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണമുള്ള കെട്ടിടങ്ങളെ 2015-16 വർഷം മുതൽ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. കുടുംബനാഥന്റെ/നാഥയുടെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസ ഗൃഹത്തിന് മാത്രമായാണ് പ്രസ്തുത ആനുകൂല്യം പരിമിതപ്പെടുത്തിയിട്ടുള്ളത്. ഈ ഇളവിനായി ഓരോ പഞ്ചവർഷ അസ്സസ്മെന്റ് കാലയളവിലേയ്ക്കും കെട്ടിട ഉടമകളിൽ നിന്നും നിശ്ചിത മാതൃകയിലുള്ള സത്യവാങ്മൂലം വാങ്ങി ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ച് നൽകിയിട്ടുള്ളതായി വസ്തു നികുതി അപേക്ഷകൾ പരിശോധിച്ചതിൽ നിന്നും കണ്ടു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു,

| ക്രമ നം | വാർഡ്/കെട്ടിട നം. | പേര് /വിലാസം |
|---|---|---|
| 1 | 1/475എ | ശ്രീമതി ഗീതാകുമാരി ആർ, കള്ളിക്കാട് |
| 2 | 2/327എ | ശ്രീമതി ലീല.ജെ, ലീലാ ഭവൻ |
| 3 | 2/357എ | ശ്രീ.പ്രദീപ് ആർ, വ്ലാവെട്ടി |
| 4 | 4/159എ | ശ്രീമതി ഉഷ, കേലിയക്കോട് വീട്, നെയ്യാർഡാം |
| 5 | 7/502എ | ശ്രീ.രാജേന്ദ്രൻ നാടാർ, ലാലു ഭവൻ, ഇടവാച്ചൽ |
| 6 | 8/23എ | ശ്രീമതി ശാന്ത, വാഴവിളാകം |

| | | |
|---|---|---|
| 7 | 9/411എ | ശ്രീമതി ലീല, രണ്ടാംതോട് |
| 8 | 11/167എ | ശ്രീ.പ്രവീൺ, പ്രജീഷ് ഭവൻ |
| 9 | 12/266എ | ശ്രീ.സജീവ്.സി.പി, ചാനലരികത്ത് വീട് |
| 10 | 13/485ബി | ശ്രീമതി.രമ്യ ജി.എസ്, ആതിര, കള്ളിക്കാട് |

സത്യവാങ്മൂലത്തിന്റെ അഭാവത്തിൽ, നികുതി ഒഴിവാക്കലിന് തികച്ചും അർഹതപ്പെട്ടവർക്ക് മാത്രമായി ഈ ആനുകൂല്യം പരിമിതപ്പെടുത്തിയിരുന്നോ എന്നത് പരിശോധിക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. ഒരേ വ്യക്തികൾ ഒന്നിലേറെ കെട്ടിടങ്ങൾക്ക് നികുതിയിളവ് ആനുകൂല്യം നേടുന്നത് തടയുന്നതിനായി ഭാവിയിൽ ആധാർ നമ്പർ, റേഷൻ കാർഡ് നമ്പർ എന്നിവ ഉൾപ്പെടുത്തിയ സത്യവാങ്മൂലം നിർബന്ധമാക്കേണ്ടതാണ്.

## 1-11 വസ്തുനികുതി കാലാനുസൃതമായി പുതുക്കുന്നില്ല – തനത് വരുമാന വർദ്ധനവിന് ശ്രമിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള അടിസ്ഥാന വസ്തുനികുതി നിരക്കുകൾ എന്നത് 02/07/2011 -ലെ 111 (1) നമ്പരായുള്ള കമ്മിറ്റി തീരുമാനപ്രകാരമുള്ളതും 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം അനുവദനീയമായ പരമാവധി നിരക്കുകളിൽ നിന്നും കുറഞ്ഞിട്ടുള്ളതുമാണ്. 1996-ലെ കേരള പഞ്ചായത്ത് രാജ് (നികുതി നിർണ്ണയവും ഈടാക്കലും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 3 ലെ അധികാരം വിനിയോഗിച്ചും ടി ചട്ടങ്ങളിലെ മറ്റ് നടപടി ക്രമങ്ങൾ പാലിച്ചു കൊണ്ടും ഗ്രാമപഞ്ചായത്ത് കമ്മിറ്റിക്ക് ഒരു പ്രമേയം വഴി നിലവിലെ നികുതിനിരക്കുകൾ, വസ്തുനികുതി ചട്ടങ്ങളിലെ പരമാവധി പരിധിയിൽ പരിമിതപ്പെടുത്തിക്കൊണ്ട്, കാലാനുസൃതമായി പുതുക്കാവുന്നതാണ്. നികുതി നിരക്കുകൾ പരിഷ്കരിക്കാത്തതുകാരണം തനത് ഫണ്ടിലേക്കുള്ള വരുമാനത്തിൽ വർദ്ധനവിനുപകരം കുറവാണ് വർഷാവർഷം ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഗ്രാമപഞ്ചായത്ത് സാമ്പത്തിക പരിമിതി നേരിടുന്ന നിലവിലെ സാഹചര്യത്തിൽ നികുതി നിരക്കുകൾ കാലാനുസൃതമായി പുതുക്കി തനത് ഫണ്ട് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്ന വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു (ഓഡിറ്റ് എൻക്വയറി നം.05//2021-22 തീയതി 24.08.2022).

## 1-12 തൊഴിൽ നികുതി പിരിവ്-അപാകതകൾ

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽനികുതി ഈടാക്കേണ്ടതാണെന്ന് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ അനുശാസിക്കുന്നു. 2021-22 വർഷത്തെ തൊഴിൽനികുതി രജിസ്റ്റർ, തൊഴിൽനികുതി സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

(1) അർദ്ധവാർഷിക വരുമാന പത്രികയിലെ അപാകത- തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്.

2021-22 വർഷത്തെ അർദ്ധവാർഷിക വരുമാന പത്രികകൾ പരിശോധിച്ചതിൽ നിന്നും ആർ.പി.എം കോളേജ് നെയ്യാർഡാം എന്ന സ്ഥാപനം ഹാജരാക്കിയ പത്രികയിൽ ജീവനക്കാരുടെ അടിസ്ഥാന ശമ്പളം മാത്രം കണക്കിലെടുത്താണ് തൊഴിൽനികതി കണക്കാക്കി ഒടുക്കിയിരിക്കുന്നത്. തൊഴിൽനികുതിക്കായി കണക്കിലെടുക്കേണ്ട ക്ഷാമബത്തയടക്കമുള്ള മറ്റ് വരുമാനയിനങ്ങൾ ചേർക്കാത്തതിനാൽ ഭൂരിഭാഗം ജീവനക്കാരും കുറഞ്ഞ സ്ലാബുകളിലാണ് നികുതി ഒടുക്കിയിട്ടുള്ളത്.അതുപോലെ ടി സ്ഥാപനത്തിലെ ശ്രീ.എസ്.പ്രദ്യുമ്നൻ എന്ന എക്സ്-സർവ്വീസ് ജീവനക്കാരൻ 2021-22 വർഷം തൊഴിൽനികതി ഒടുക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 06/2021-22 തീയതി 24.08.2022 -ക്ക് തൊഴിൽനികതി പത്രിക നിർദ്ദിഷ്ട പ്രഫോർമയിൽ നൽകി നടപടികൾ സ്വീകരിച്ചിട്ടുള്ളതായും ശ്രീ.എസ്.പ്രദ്യുമ്നൻ -ന് തൊഴിൽനികതി ഒടുക്കാൻ കത്ത് നൽകിയിട്ടുള്ളതായും അറിയിച്ചിട്ടുണ്ട്. മേൽ സ്ഥാപനത്തിൽ നിന്നും പൂർണ്ണമായതും അപാകതകളില്ലാത്തതുമായ തൊഴിൽനികതി പത്രിക ലഭ്യമാക്കി പുതുക്കിയ തൊഴിൽനികതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(2) മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഒടുക്കുവരുന്നില്ല – തനത് വരുമാനത്തിൽ കുറവ്

ഗ്രാമ പഞ്ചായത്തിലെ 2021-22 വർഷത്തെ തൊഴിൽനികുതി രജിസ്റ്റർ, തൊഴിൽനികുതി സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങൾ ജീവനക്കാരുടെ തൊഴിൽനികുതി ഒടുക്കുവരുത്തിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | തൊഴിൽനികുതി |
|---|---|---|
| 1 | DTPC നെയ്യാർഡാം | 2nd Half |
| 2 | മങ്കാരമുട്ടം ശിവക്ഷേത്രം | 1st Half &2nd Half |
| 3 | മിൽക്ക് കോപ്പറേറ്റീവ് സൊസൈറ്റി, മൈലക്കര | „ |
| 4 | വിമൻ കോപ്പറേറ്റീവ് സൊസൈറ്റി, കള്ളിക്കാട് | „ |
| 5 | ഫിഷറീസ് കോപ്പറേറ്റീവ് സൊസൈറ്റി, നെയ്യാർഡാം | „ |
| 6 | ശിവാനന്ദ യോഗവേദാന്ദ ആശ്രമം | 2nd Half |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 18/2021-22 തീയതി 26.08.2022-ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

തൊഴിൽ നികുതി ഒടുക്കുന്നതിന് വീഴ്ച വരുത്തിയ സ്ഥാപനങ്ങളുടെ മേൽ കേരള പഞ്ചായത്ത്രാജ് ആക്ട് സെക്ഷൻ 204, 205 എന്നിവയും 1996 ലെ കേരള പഞ്ചായത്ത്രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം. 3, 13 എന്നിവയും നിഷ്കർഷിക്കും പ്രകാരമുള്ള നടപടികൾ കൈക്കൊള്ളേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

(3) സ്ഥാപന നികുതി ഈടാക്കിയിട്ടില്ല - തുടർ നടപടി അനിവാര്യം

ഗ്രാമപഞ്ചായത്തിലെ 2021-2022 സാമ്പത്തിക വർഷത്തെ വരവ് സംബന്ധമായ രേഖകളുടെ പരിശോധനയിൽ ചില ബാങ്കിംഗ്/ധനകാര്യ സ്ഥാപനങ്ങൾ, കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾ, സ്ഥാപന നികുതി ഒടുക്കാൻ ബാധ്യതപ്പെട്ട മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും തൻവർഷത്തെ (രണ്ട് അർദ്ധവർഷത്തെയും) സ്ഥാപന നികുതി ഈടാക്കിയിട്ടില്ല. സ്ഥാപനങ്ങളുടെ പേര് ചുവടെ ചേർക്കുന്നു.

1. ഫിഷറീസ് കോപ്പറേറ്റീവ് സൊസൈറ്റി, നെയ്യാർഡാം
2. വിഷ്ണു ഓഡിറ്റോറിയം, നെയ്യാർഡാം
3. ലയോള സ്കൂൾ
4. മിൽക്ക് കോപ്പറേറ്റീവ് സൊസൈറ്റി,മൈലക്കര
5. അഷ്ടമി ഫൈനാൻസ്
6. ശ്രീജ ഫൈനാൻസ്,മൈലക്കര
7. സെന്റ് ജോസഫ് സ്കൂൾ
8. ഐശ്വര്യ ഫൈനാൻസ്
9. MCS മൈലക്കര
10. MCS വാവോട്
11. WCS കള്ളിക്കാട്

12. MRPN ലിമിറ്റഡ്

13. അഭിരാമി ഹോസ്പിറ്റൽ

14. ഫിഷറീസ് കോപറേറ്റീവ് സൊസൈറ്റി, നെയ്യാർഡാം

15. ഫാർമേഴ്സ് കോപറേറ്റീവ് സൊസൈറ്റി

16. ബയോവേദ ഹിൽ റിസോർട്ട്

17. മാവേലി സ്റ്റോർ കള്ളിക്കാട് (2nd Half ഒടുക്കിയിട്ടില്ല)

18. വിഷ്ണു ഫിനാൻസ് (2nd Half ഒടുക്കിയിട്ടില്ല)

19. മിനിമുത്തൂറ്റ് നിധി (1st Half ഒടുക്കിയിട്ടില്ല)

20. GSN കൺവെൻഷൻ സെന്റർ (1st Half ഒടുക്കിയിട്ടില്ല)

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 11/2021-22 തീയതി 24.08.2022,18/2021-22 തീയതി 26.08.2022 - കൾക്ക് സ്ഥാപനങ്ങളുടെ ഡിമാന്റ് ലിസ്റ്റിന്റെ പകർപ്പ് മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. പഞ്ചായത്തിന്റെ ഡിമാന്റ് ലിസ്റ്റിൽ ഉൾപ്പെട്ടതും മേൽപ്പറഞ്ഞതുമായ സ്ഥാപനങ്ങളിൽ നിന്നും മുടക്കം വരുത്തിയ സ്ഥാപന നികുതി ഈടാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതോടൊപ്പം പഞ്ചായത്തിന്റെ അധികാര പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപന തൊഴിൽ നികുതി ഒടുക്കാൻ ബാധ്യതപ്പെട്ട മറ്റ് സ്ഥാപനങ്ങളെക്കൂടി കണ്ടെത്തി ഡിമാന്റ് ലിസ്റ്റ് വിപുലപ്പെടുത്തി തനതുഫണ്ടിലേക്ക് അധിക വരുമാനം മുതൽക്കൂട്ടുന്നതിനുള്ള ഊർജ്ജിതവും ക്രിയാത്മകവുമായ നടപടികൾ കൈക്കൊള്ളേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

(4) കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നില്ല

പഞ്ചായത്തിൽ 60 ദിവസത്തിൽ കൂടുതൽ പണിയെടുത്തിട്ടുള്ള കരാറുകാർ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരാണ്. എന്നാൽ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത കരാറുകാരുടെ പട്ടികയും തൊഴിൽനികുതി രജിസ്റ്ററും ഒത്തുനോക്കിയതിൽ നിന്നും കരാറുകാരൊന്നും തന്നെ തൊഴിൽ നികുതി ഒടുക്കിയതായി കാണുന്നില്ല. പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് പുറമേ KSEB, KWA, IRRIGATION, FOREST തുടങ്ങിയ വകുപ്പുകൾ/സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കരാറുകാരുടെ വിവരങ്ങൾ തൊഴിലുടമകളിൽ നിന്നും ശേഖരിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. പ്രസ്തുത സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽനികുതി, സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി എന്നിവ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 11/2021-22 തീയതി 24.08.2022).

മേൽ പരാമർശിച്ചിരിക്കുന്ന അധികവിഭവസമാഹരണ പ്രവർത്തനങ്ങളിലെല്ലാം തന്നെ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ സമഗ്രമായ മേൽനോട്ടം ഉറപ്പുവരുത്തുന്നതിനായി ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-13 മാർക്കറ്റ് വരവ്- 1,39,000/- രൂപ കുടിശ്ശിക നിൽക്കുന്നു

വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ നിന്നും മാർക്കറ്റ് വരവിനത്തിൽ 1,39,000 രൂപ കുടിശ്ശിക നിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനാൽ ടി തുകയുടെ വിശദാംശങ്ങളും കുടിശ്ശികയുണ്ടാകാനുള്ള സാഹചര്യവും കുടിശ്ശികത്തുക ഈടാക്കാൻ ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരവും ഓഡിറ്റ് എൻക്വയറി നം. 12/2021-22 തീയതി 25.08.2022 പ്രകാരം ആരാഞ്ഞിരുന്നുവെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ ഓഡിറ്റ് എൻക്വയറിക്ക് അടിയന്തിരമായി മറുപടി ലഭ്യമാക്കുന്നതോടൊപ്പം കുടിശ്ശികത്തുക ഈടാക്കാൻ സത്വരമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-14 ഹരിതകർമ്മസേന – അക്കൗണ്ട് വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഹരിതകർമ്മസേന ലഭ്യമാക്കിയ രേഖകളിൽ 15/11/2021 മുതൽക്കുള്ള ബാങ്ക് പാസ് ബുക്ക് (Ac No.40717101055371@KGB Kallikkad) വിവരങ്ങൾ മാത്രമാണ് ഉൾപ്പെടുത്തിയിരുന്നത്. സാമ്പത്തിക വർഷാരംഭത്തിലെ മുന്നിരുപ്പുൾപ്പടെ പരിശോധിക്കുന്നതിനായി മുൻ പാസ് ബുക്കും ഹരിതകർമ്മസേനയുടെ രൂപീകരണ തീയതിയും ഉൾപ്പടെയുള്ള വിവരങ്ങൾ ഓഡിറ്റ് എൻക്വയറി നം.37/2021-22 തീയതി 30.08.2022 പ്രകാരം ആരാഞ്ഞിരുന്നുവെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അക്കൗണ്ട് വിവരങ്ങൾ പ്രിന്റ് ചെയ്ത രസീത് ബുക്കുകളുടെ ആധികാരിക വിവരങ്ങൾ, സ്റ്റോക്കിലെടുത്തത്, വിതരണം ചെയ്തത്, ഉപയോഗിക്കാത്തവ തിരികെ ഏല്പിച്ചത് മുതലായ വിവരങ്ങൾ ലഭ്യമാക്കാത്തതിനാൽ ഹരിതകർമ്മസേനയുടെ വരവ്-ചെലവ് കണക്കുകൾ ഓഡിറ്റിന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. പ്രസ്തുത കണക്കുകൾ ലഭ്യമാക്കി പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

അല്ലാത്തപക്ഷം ക്രമക്കേട് ആയി പരിഗണിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## 1-15 മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല. 497839/- രൂപ തടസ്സപ്പെടുത്തുന്നു.

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | 83/21 | 82/21 |
| പ്രോജക്ടിന്റെ പേര് | സാന്ത്വനം -2021-2022 പാലിയേറ്റീവ് കെയർ പദ്ധതി | പി എച്ച് സിക്ക് മരുന്നും ലാബ് റീ ഏജന്റും വാങ്ങൽ |
| നിർവഹണം | മെഡിക്കൽ ഓഫീസർ, പി എച്ച് സി | മെഡിക്കൽ ഓഫീസർ, പി എച്ച് സി |
| അടങ്കൽ | 928090/- (പൊതുവിഭാഗം) | 5,00,000/- (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ചെലവ് | 928090/- | 5,00,000/- |

2021-22 വർഷം പി എച്ച് സിക്ക് മരുന്ന് വാങ്ങൽ പദ്ധതി പ്രകാരം മരുന്ന് വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് 407978/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ, നാളിതുവരെ 46100/- രൂപയുടെ മരുന്നുകൾ മാത്രമേ ലഭ്യമായിട്ടുള്ളൂ. 361878/- രൂപയുടെ മരുന്നുകൾ ലഭ്യമാകേണ്ടതുണ്ട്.

2021-22 വർഷം പാലിയേറ്റീവ് കെയർ പദ്ധതി പ്രകാരം മരുന്ന് വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് 300000/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ, നാളിതുവരെ 164039/- രൂപയുടെ മരുന്നുകൾ മാത്രമേ ലഭ്യമായിട്ടുള്ളൂ. 135961/- രൂപയുടെ മരുന്നുകൾ ലഭ്യമാകേണ്ടതുണ്ട്.

മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 04 തീയതി 23.08.22) മറുപടിയായി, മരുന്നുകൾ ലഭ്യമാക്കി വിവരം അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മരുന്നുകൾ പൂർണമായും ലഭ്യമാക്കി വിവരം അറിയിക്കുന്ന മുറയ്ക്ക് തടസ്സം ഒഴിവാക്കാവുന്നതാണ്.

## 1-16 ലോഗ് ബുക്ക് പരിപാലനത്തിലെ അപാകതകൾ

2021-22 സാമ്പത്തിക വർഷത്തെ കള്ളിക്കാട് പൊതുജനാരോഗ്യ കേന്ദ്രത്തിലെ ലോഗ് ബുക്ക് പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു

1. സർക്കുലർ നം 41/2008/ധനം 02/8/2/2008 (5) പ്രകാരം ഇന്ധന ക്ഷമതാ ടെസ്റ്റ് എല്ലാ വർഷവും കൃത്യസമയത്ത് നടത്തേണ്ടതും സർട്ടിഫിക്കറ്റ് ലോഗ്ബുക്കിൽ പതിപ്പിക്കേണ്ടതുമാണ്. എന്നാൽ KL20 F 4113 എന്ന വാഹനത്തിന്റെ ഇന്ധനക്ഷമത സർട്ടിഫിക്കറ്റ് ടെസ്റ്റ് 13/01/2020 ന ശേഷം നടത്തിയിട്ടില്ല . വാഹനത്തിന്റെ അറ്റകുറ്റപ്പണികളെ സംബന്ധിച്ച വിവരങ്ങളും ലോഗ്ബുക്കിൽ യഥാസമയം രേഖപ്പെടുത്തിയിട്ടില്ല.

2. സ.ഉ. (സാധാ) നം. 170/07തസ്വഭവ തീയതി 30.06.2007 പ്രകാരം വാഹനങ്ങളിൽ ഫുൾടാങ്ക് ഇന്ധനം നിറയ്ക്കേണ്ടതും, ഇന്ധനം നിറയ്ക്കുന്നത് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഇത്തരം സാക്ഷ്യപ്പെടുത്തലുകൾ ഒന്നും ലോഗ് ബുക്കിൽ കാണുന്നില്ല. 13/1/2022 മുതൽ 31/3/2022 വരെ

ഇന്ധനം നിറച്ച വൗച്ചർ ലോഗ് ബുക്കിൽ പതിപ്പിച്ചിട്ടില്ല.

3. ഓരോ യാത്രയുടെയും വിവരം ഡ്രൈവർ ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടതും യാത്ര ചെയ്ത ആൾ അത് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. അപ്രകാരമുള്ള സാക്ഷ്യപ്പെടുത്തൽ വരുത്തിയിട്ടില്ല.

മേൽ സൂചിപ്പിച്ച വിഷയങ്ങൾക്കാവശ്യമായ വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (35/31/8/2022) മറുപടി ലഭ്യമാക്കിയില്ല.

## 1-16-1 പാലിയേറ്റീവ് കെയറിലെ ഔദ്യോഗിക വാഹനത്തിലെ ലോഗ് ബുക്ക് പരിപാലനത്തിലെ അപാകതകൾ

2021-22 സാമ്പത്തിക വർഷത്തെ കള്ളിക്കാട് പൊതുജനാരോഗ്യ കേന്ദ്രത്തിലെ പാലിയേറ്റീവ് കെയറിലെ ലോഗ് ബുക്ക് പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. സർക്കുലർ നം. 41/2008/ധനം 02/8/2/2008 (5) പ്രകാരം ഇന്ധന ക്ഷമതാ ടെസ്റ്റ് എല്ലാ വർഷവും കൃത്യസമയത്ത് നടത്തേണ്ടതും സർട്ടിഫിക്കറ്റ് ലോഗ്ബുക്കിൽ പതിപ്പിക്കേണ്ടതുമാണ്. എന്നാൽ KL01 BZ 1099 എന്ന വാഹനത്തിന്റെ ഇന്ധനക്ഷമത സർട്ടിഫിക്കറ്റ് ടെസ്റ്റ് 30.03.2019 ന് ശേഷം നടത്തിയിട്ടില്ല. ഇതിന്റെ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (3/23/8/2022) രണ്ടു ദിവസത്തിനുള്ളിൽ ടി സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

2. പാലിയേറ്റീവ് കെയറിന്റെ ഉപയോഗം മാത്രമല്ല വാഹനം മറ്റ ആവശ്യങ്ങൾക്കുമായി ദുരുപയോഗം ചെയ്തതായി ഇന്ധനത്തിന്റെ അധിക ഉപഭോഗത്തിലൂടെ മനസ്സിലാക്കാൻ കഴിഞ്ഞു. ആയതിനാൽ ഇത്തരം നടപടികൾ ആവർത്തിക്കാതിരിക്കാൻ ബന്ധപ്പെട്ട അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

3. പാലിയേറ്റീവ് കെയർ പ്രോജക്ടിൽ ഹോം വിസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്താത്ത തീയതികളിൽ ചെലവ് വൗച്ചർ കാണുന്നു.

| തീയതി | തുക |
|---|---|
| 29/4/2021 | 80 |
| 1/3/2022 | 160 |
| 2/3/2022 | 160 |
| 9/3/2022 | 160 |
| 12/3/2022 | 240 |
| 14/3/2022 | 240 |

മേൽ സൂചിപ്പിച്ച വിഷയങ്ങൾക്കാവശ്യമായ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (3/23/8/2022) പാലിയേറ്റീവ് നേഴ്സ് ഹോം രജിസ്റ്ററിൽ ഡേറ്റ് രേഖപ്പെടുത്തിയതിൽ വന്ന പിശകാണ് എന്നാണ് ലഭ്യമായ മറുപടി. ആയതിനാൽ ഇത്തരം നടപടികൾ തുടരാതിരിക്കാൻ അടിയന്തിരമായി ബന്ധപ്പെട്ട അധികാരികളുടെയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

## 1-17 ക്ഷീര സമൃദ്ധി ജനറൽ, ക്ഷീര സമൃദ്ധി വനിത പദ്ധതി - അപാകങ്ങൾ - 851/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

ക്ഷീര സമൃദ്ധി ജനറൽ, ക്ഷീര സമൃദ്ധി വനിത പദ്ധതികളുടെ അപേക്ഷകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രോജക്ടിന്റെ പേര് --ക്ഷീര സമൃദ്ധി ജനറൽ

പ്രോജക്ട് നം --33/21

ആകെ അടങ്കൽ – 1050000/534670

പൊതു വിഭാഗം - 350000/349998

ബ്ളോക്ക് പഞ്ചായത്ത് വിഹിതം – 350000/134529

ജില്ലാ പഞ്ചായത്ത് വിഹിതം – 350000/50143
ശൈലേന്ദ്രൻ നായർ - (കള്ളിക്കാട് ക്ഷീരസംഘം) എന്ന ഗുണഭോക്താവിന് അധിക തുക നൽകിയിരിക്കുന്നു.

ടി ഗുണഭോക്താവിന്റെ ആകെ പാലളവ്--- 2641

കൊടുക്കേണ്ട തുക – 2641x3=7923

അക്കൗണ്ട് വഴി നൽകിയ തുക --- 8774

ഇതിന്റെ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (34/29/08/2022) ലഭിച്ച മറുപടിയിൽ എൻടി നടത്തിയതിൽ വന്ന പിഴവാണെന്നും ടിയാൾക്ക് മാർച്ച് മാസത്തിലെ പാലളവിലുള്ള ഇൻസെന്റീവായി ടി തുകയെ കണക്കാക്കണമെന്നുമാണ് അറിയിച്ചിരിക്കുന്നത്. അപാകം പരിഹരിച്ച് അറിയിക്കേണ്ടതാണ്.

2. ക്ഷീര സമൃദ്ധി ജനറൽ എന്ന പദ്ധതിയിൽ ബ്ളോക്ക് പഞ്ചായത്ത് വിഹിതം, ജില്ലാ പഞ്ചായത്ത് വിഹിതം എന്നിവയിൽ ചെലവ് ശതമാനം വളരെ കുറവാണ്. ഫണ്ട് ഉണ്ടായിട്ടും ഗുണഭോക്താക്കൾക്ക് മിനിമം സബ്സിഡി ഉറപ്പാക്കിയിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

<u>ക്ഷീര സമൃദ്ധി ജനറൽ</u>

ആകെ അടങ്കൽ – 1050000/534670

പൊതു വിഭാഗം - 350000/349998

ബ്ളോക്ക് പഞ്ചായത്ത് വിഹിതം – 350000/134529

ജില്ലാ പഞ്ചായത്ത് വിഹിതം – 350000/50143

| ക്രമ നം | പേര് | അകെ പാലളവ് | നൽകേണ്ട തുക | നൽകിയ തുക |
|---|---|---|---|---|
| 1 | ദിവാകരൻ | 6315 | 18945 (3രൂപ നിരക്കിൽ) | 8471 |
| 2 | പ്രഭാകരൻ നായർ | 3307 | 29763 | 9907 |
| 3 | കെ വിനോദ് | 1109 | 3327 | 1542 |
| 4 | ജി പ്രദീപ്കുമാർ | 2018 | 6054 | 2901 |
| 5. | പുരുഷോത്തമൻ നായർ | 3540 | 10620 | 7068 |

ഇതിന്റെ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (34/29/08/2022) ബ്ളോക്ക് ജില്ലാ വിഹിതം പ്രോജക്ടിൽ കാണിച്ചിരിക്കുന്ന തുക ലഭ്യമായിട്ടില്ലായെന്നും ടി കർഷകർക്ക് തൻനിമിത്തം നഷ്ടമായ തുക ബ്ളോക്ക് പഞ്ചായത്തിൽ നിന്നും നേരിട്ട് കേന്ദ്രധനകാര്യകമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് ലഭ്യമാക്കുന്നതെന്നാണെന്നും മറുപടി നൽകിയിട്ടുണ്ട്. അപാകം പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-17-1 ക്ഷീര കർഷകർക്ക് സബ്സിഡി തുക കൈമാറ്റം ചെയ്ത അക്കൗണ്ട് നമ്പരും അപേക്ഷകളിൽ രേഖപ്പെടുത്തിയിരിക്കുന്ന അക്കൗണ്ട് നമ്പരും തമ്മിൽ വ്യത്യാസം

ക്ഷീര സമൃദ്ധി ജനറൽ, ക്ഷീര സമൃദ്ധി വനിത എന്നീ പദ്ധതികളുടെ അപേക്ഷകൾ പരിശോധിച്ചപ്പോൾ അപേക്ഷകളിൽ രേഖപ്പെടുത്തിയിരിക്കുന്ന അക്കൗണ്ട് നമ്പരും ക്ഷീരസംഘം വഴി തുക കൈമാറ്റം ചെയ്ത അക്കൗണ്ട് നമ്പരും തമ്മിൽ വ്യത്യാസം ഉണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു

ക്ഷീര സമൃദ്ധി ജനറൽ

| ക്രമ നം | പേര് | ക്ഷീരസംഘത്തിന്റെ പേര് | അപേക്ഷയിലെ അക്കൗണ്ട് നം | തുക കൈമാറിയ അക്കൗണ്ട് നം | തുക |
|---|---|---|---|---|---|
| 1 | കെ വിനോദ് | കള്ളിക്കാട് | 336302010141873 | 12980100182251 | 1542 |
| 2 | ജി പ്രദീപ്കുമാർ | കള്ളിക്കാട് | 31895659655 | 57037482229 | 2901 |
| 3 | പുരുഷോത്തമൻ നായർ സി | കള്ളിക്കാട് | 40717101008391 | 67175200219 | 7068 |
| 4 | അർജ്ജുനൻ | കള്ളിക്കാട് | 40231275157 | 67008964493 | 9 |
| 5 | എം അജയകുമാർ | കള്ളിക്കാട് | 40717101052143 | 0701053000001027 | 7563 |
| 6 | നെൽസൺ ഡി | കള്ളിക്കാട് | 0701053000002804 | 12980100118537 | 2534 |
| 7 | നടേശൻ | കള്ളിക്കാട് | 12980100057578 | 38520807363 | 4248 |
| 8 | അപ്പുകുട്ടൻ കെ | കള്ളിക്കാട് | 78737447022 | 57037447024 | 3209 |

ക്ഷീര സമൃദ്ധി വനിത

| ക്രമ നം. | പേര് | ക്ഷീരസംഘത്തിന്റെ പേര് | അപേക്ഷയിലെ അക്കൗണ്ട് നം. | തുക കൈമാറിയ അക്കൗണ്ട് നം. | തുക |
|---|---|---|---|---|---|
| 1 | ബീനാരാജ് എസ് എൽ | കള്ളിക്കാട് | 12980100117133 | 67365776843 | 1623 |
| 2 | അനിത | കള്ളിക്കാട് | 0701053000000558 | 3718413366 | 4275 |
| 3 | ഷീബ എസ് | കള്ളിക്കാട് | 40717101043367 | 12980100133411 | 8937 |
| 4 | ഷീല എൽ | പെരും കുളങ്ങര | 40717101036604 | 12980100078269 | 15195 |
| 5 | ശ്രീകുമാരി ജി | വാവോട് | 12980100057628 | 67088218124 | 24969 |
| 6 | ഷീബ എസ് | കള്ളിക്കാട് | 40717101043367 | 12980100133684 | 21450 |
| 7 | സുരജാംബികാദേവി | കള്ളിക്കാട് | 40717101017982 | 67151210917 | 8268 |
| 8 | ജോളി എൽ | കള്ളിക്കാട് | 67393028747 | 12980100141117 | 5532 |
| 9 | രാജമ്മ ബി | കള്ളിക്കാട് | 12980100150324 | 67099162266 | 7605 |
| 10 | കലകുമാരി | വാവോട് | 40717101040272 | 12980100144525 | 7970 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (29/29/8/2022) സാംഖ്യ സോഫ്റ്റ് വെയർ മുഖേന ലിങ്ക് ചെയ്തിരിക്കുന്ന അക്കൗണ്ടിലേയ്ക്കാണ് 2021-2022 വർഷത്തെ പാലിനു സബ്സിഡി നൽകിയിട്ടുള്ളതെന്ന് അറിയിച്ചു. ക്ഷീര കർഷകരുടെ അപേക്ഷയിലുള്ള അക്കൗണ്ടിൽ നിന്ന് സാഖ്യയിൽ ലിങ്ക് ചെയ്ത അക്കൗണ്ട് നമ്പറുകൾ എങ്ങനെ വ്യത്യാസമായി എന്നതിനും അപേക്ഷകൾ തന്നെയാണ് സബ്സിഡി ലഭ്യമായതെന്നതിനും കൃത്യമായ വിശദീകരണം നൽകേണ്ടതാണ്.

## 1-18 ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ പ്രോജക്ടിൽ ഫയലും ചെലവു രേഖകളും, ബിൽ ബുക്കും ഹാജരാക്കിയില്ല. 100000/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം ---18/22

പ്രോജക്ടിന്റെ പേര് --വ്ളാവെട്ടി ഗവൺമെന്റ് ട്രൈബൽ എൽ പി എസ് ദൈനംദിന ചെലവുകൾ

ഫണ്ട് – മെയിന്റനൻസ് ഫണ്ട് (റോഡിതരം)

തുക – 100000

ബിൽ നം --ലഭ്യമല്ല.

മേൽ സൂചിപ്പിച്ച പ്രോജക്ടിന്റെ ഫയലും ചെലവു രേഖകളും മറ്റു അനുബന്ധരേഖകളും ബിൽ ബുക്കും ഹാജരാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (33/30/8/2022) മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത പ്രോജക്ടിന്റെ ചെലവു രേഖകൾ അടിയന്തിരമായി ഹാജരാക്കേണ്ടതാണ്.

## 1-19 ശരിയായ മുന്നൊരുക്കങ്ങൾ ഇല്ലാത്തതു മൂലം പ്രോജക്ടുകൾ ഉപേക്ഷിക്കപ്പെടുന്നു - പദ്ധതിപ്പണം പാഴാവുന്നു

1) ആഴാംകൽ മുണ്ടവൻകുന്ന് റോഡ് റീ ടാറിംഗ്

പ്രോജക്ട് നം. – S0046/22
അടങ്കൽ – 300000/-
നിർവഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് എഞ്ചിനീയർ

230m നീളത്തിലും 3m വീതിയിലും ആഴാംകൽ മുണ്ടവൻകുന്ന് റോഡിന്റെ സീൽകോട്ട്, ബേം കോൺക്രീറ്റ് ഉൾപ്പെടെ റീ ടാറിംഗിനുള്ളതാണ് എസ്റ്റിമേറ്റ് റിപ്പോർട്ട്. ശ്രീ.ആർ വിജയകുമാറിന് എസ്ററിമേറ്റ് റേറ്റിൽ പ്രവർത്തി നിർവഹിക്കുന്നതിന് 2.12.21 ന് കരാർ ഉറപ്പിച്ച് സൈറ്റ് കൈമാറി. എന്നാൽ ഈ പ്രവർത്തി പിന്നീട് ഉപേക്ഷിക്കുകയാണ് ഉണ്ടായത്. കരാർ ഉറപ്പിച്ചതിനുശേഷം പ്രവർത്തി ഉപേക്ഷിച്ചതിനുള്ള കാരണം സൈറ്റ് കണ്ടീഷൻ ക്ളിയർ അല്ലാത്തതുകൊണ്ടാണെന്നാണ് അറിയിച്ചത്. നിലവിലെ ആസ്തികളിൽ ചെയ്യുന്ന റീ ടാറിംഗ് പോലുള്ള പ്രവർത്തികൾ പോലും ഉപേക്ഷിക്കേണ്ടി വരുന്നത് ശരിയായ വിലയിരുത്തലുകൾ ഇല്ലാത്ത എസ്റ്റിമേറ്റ് തയ്യാറാക്കുന്നതുമൂലമാണ്. നാരകത്തിൻ കുഴി-ക്ഷേത്രനട റോഡ് റീടാറിംഗ് (Project No. 50/22), കാരിപ്പാറ-വിയ്യക്കോണം റോഡ് പാർശ്വഭിത്തി മെയിന്റനൻസ് (Project No. 87/22), കാരിപ്പാറ-വിയ്യക്കോണം റോഡ് മെയിന്റനൻസ് (Project 137/22) എന്നീ പ്രോജക്ടുകൾ തൻ വർഷം ഉപേക്ഷിക്കേണ്ടി വന്നിട്ടുണ്ട്. സ്പിൽ ഓവർ പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി സൈറ്റ് കണ്ടീഷൻ വിലയിരുത്തി എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതും അതുവഴി പദ്ധതി ഫണ്ട് പാഴാക്കാതെ ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-20 മഞ്ചാടിമൂട്-പള്ളിവിള നടപ്പാത ഇൻറർലോക്കിംഗ്- ചെയ്യാത്ത പ്രവർത്തിക്ക് അനുവദിച്ച തുക തിരികെ അടവാക്കേണ്ടതാണ്.

പ്രോജക്ട് നം/ പേര് -237/21, So 147/22 (മഞ്ചാടിമൂട്-പള്ളിവിള നടപ്പാത ഇൻറർലോക്കിംഗ്)

എസ്റ്റിമേറ്റ് തുക -196000/

ചെലവ് തുക - 1,46,928/

ബിൽ നം. -40/18.03.22/

എം ബുക്ക് നം. - 674/21

കരാറുകാരൻ -കൃഷ്ണൻ കുട്ടി.എ

പ്രോജക്ട് പ്രകാരം 86m നീളത്തിലും 2m വീതിയിലും നടപ്പാത ഇൻറർലോക്ക് ചെയ്യുന്നതിനും 29m നീളത്തിലും 0.25m വീതിയിലുള്ള കോൺക്രീറ്റ് കെട്ടിനും വേണ്ടിയാണ്. എന്നാൽ സ്ഥലപരിശോധനയിൽ കോൺക്രീറ്റ് കെട്ടിന്റെ നീളത്തിൽ കുറവ് കണ്ടു. വിശദാംശം ചുവടെ ചേർക്കുന്നു.

സിമെന്റ് കെട്ട്

| ഐറ്റം നം. | ഐറ്റത്തിന്റെ പേര് | എംബുക്ക് പ്രകാരമുള്ള അളവ് | സ്ഥലപരിശോധനയിൽ കണ്ട അളവ് | നിരക്ക് | അനുവദിച്ച തുക | അനുവദിക്കാവുന്ന തുക | അധികം അനുവദിച്ച തുക |
|---|---|---|---|---|---|---|---|
| 11.1.1.1 | എർത്ത് വർക്ക് എക്സ്കവേഷൻ | 3.943m3 | 3.047 M3 | 513.07 | 2023/- | 1563/- | 460/- |

| | | | | | | | |
|---|---|---|---|---|---|---|---|
| OD | സിമെന്റ് കോൺക്രീറ്റിംഗ് (സെന്ററിംഗ് & ഷട്ടറിംഗ് 1:4;8. | 3.943m3 | 3.047 M3 | 4480.71 | 17,667/- | 13652/- | 4015/- |
| 11.4.2.1 | Pcc Grade M15) 1:2,5:5 | 3.943m3 | 3.047 M3 | 7208.42 | 21,949/- (Ltd To Estimate (2.9) | 20949/- | 1000/- |
| | | | | | ആകെ | | 5475/- |

ഇത് സംബന്ധിച്ച് അധികമായി അനുവദിച്ച തുക തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-21 ടേക്ക് എ ബ്രേക്ക് നിർമ്മാണം

സ.ഉ. (കൈ) നം. 39/2020/ത.സ്വ.ഭ.വ., തീയതി, 20-2-2020, സ.ഉ(കൈ)നം.45/2020/ത.സ്വ.ഭ.വ., തീയതി, 6-3-2020 എന്നിവ പ്രകാരം 'പൊതു ടോയ്‌ലറ്റുകളും വിശ്രമ കേന്ദ്രങ്ങളും 'പദ്ധതിയിലുൾപ്പെടുത്തി പൊതു ശുചിമുറികളുടെ നിർമ്മാണവും നവീകരണവും സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. വൃത്തിയും ശുചിത്വവും സുരക്ഷിതത്വവുമുള്ള പൊതു ശുചി മുറികളും 'ടേക്ക് എ ബ്രേക്ക്' വിശ്രമകേന്ദ്രങ്ങളും പ്രത്യേകിച്ച് സ്ത്രീകൾക്കും യാത്രക്കാർക്കും ഉപയോഗിക്കാൻ സാധിക്കുന്ന തരത്തിൽ ദേശീയ-സംസ്ഥാന പാതയോരങ്ങളിലും, പാതയോരങ്ങളിൽ സ്ഥിതി ചെയ്യുന്ന സർക്കാർ/പൊതു മേഖലാ സ്ഥാപനങ്ങളുടെ പരിസരങ്ങൾ, തദ്ദേശ സ്ഥാപനങ്ങളുടെ ഓഫീസ് പരിസരം, വാണിജ്യ കേന്ദ്രങ്ങൾ/ബസ് സ്റ്റാന്റ്/ബസ് സ്റ്റോപ്പ് പരിസരങ്ങൾ എന്നിവിടങ്ങളിലായി നിർമ്മിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

സ.ഉ. (സാധാ) നം. 1401/2020/ത.സ്വ.ഭ.വ., തീയതി, 27-7-2020 പ്രകാരം 2020-21 വാർഷിക പദ്ധതിയിൽ പ്രത്യേക പരിഗണന നൽകേണ്ട പന്ത്രണ്ടിന പരിപാടിയിലുൾപ്പടുത്തി മേൽ പദ്ധതി നടത്തിപ്പിന് അധിക മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഓരോ ഗ്രാമപഞ്ചായത്തിലും ഉയർന്ന നിലവാരമുള്ള രണ്ട് പൊതു ശുചിമുറി സമുച്ചയങ്ങൾ വീതം നിർമ്മിക്കുക (ഗ്രാമപഞ്ചായത്ത് ഓഫീസ് പരിസരത്ത് ഒന്നും, സംസ്ഥാന/ദേശീയ പാതയോരങ്ങൾ, വാണിജ്യ കേന്ദ്രങ്ങൾക്ക് സമീപം, ബസ് സ്റ്റോപ്പ്/ബസ് സ്റ്റാന്റ് എന്നിവിടങ്ങളിൽ ഒന്നും), സ്ഥലമുള്ളയിടങ്ങളിൽ ശുചിമുറി സമുച്ചയങ്ങൾക്കൊപ്പം കോഫീഷോപ്പ്/റിഫ്രെഷ്മെന്റ് സെന്ററുകൾ കൂടി സ്ഥാപിച്ച് പ്രവർത്തിപ്പിക്കാവുന്നതാണ് എന്നതാണ് പദ്ധതിയുടെ സമഗ്ര ലക്ഷ്യം. നിലവിലുള്ള പൊതു ശുചിമുറികളിൽ ഉപയോഗ ശൂന്യമായിട്ടുള്ളതോ പുനർ നിർമ്മാണം ആവശ്യമായിട്ടുള്ളതോ ആയ ശുചിമുറികളുടെ നവീകരണം ഏറ്റെടുത്ത് പൂർത്തീകരിക്കുക എന്നതിനാണ് പ്രഥമ പരിഗണന.

കള്ളിക്കാട് ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിൽ പ്രവർത്തി പൂർത്തീകരിച്ച കെട്ടിടം മൈലക്കര എന്ന സ്ഥലത്താണ്. പ്രോജക്ട് നം. S0161/22 ന് ധനകാര്യ കമ്മീഷൻ ഗ്രാൻറ് ആയ 7,16,561/- രൂപ ചെലവഴിച്ച ചെയ്ത ഈ കെട്ടിടം ബസ് സ്റ്റോപ്പ് പോലും ഇല്ലാത്ത ഉൾനാടൻ സ്ഥലത്ത് ആണ്. അവിടെ ഇത്തരം ഒരു ടേക്ക് എ ബ്രേക്കിന്റെ ആവശ്യകത ഇല്ലായെന്ന് പ്രാദേശിക പരിശോധനയിൽ ബോധ്യപ്പെട്ടു. ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി മറ്റ് സ്ഥലസൗകര്യം ലഭ്യമാകാത്തതിനാലാണ് മൈലക്കര ഭാഗത്ത് പ്രോജക്ട് നടപ്പലാക്കിയതെന്ന് അറിയിച്ചിട്ടുണ്ട്. പൊതുപണം വലിയ തോതിൽ ചെലവഴിച്ച് നിർവ്വഹണം നടത്തുന്ന പദ്ധതികൾ ജനോപകാരപ്രദമായിരിക്കാൻ അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

## 1-22 വ്യാപകമായി പ്രോജക്ടുകൾ റിവൈസ് ചെയ്യുന്നു .

മരാമത്ത് പണികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ കൃത്യമായ സ്ഥലപരിശോധന നടത്തി അതിനനുസൃതമായ പ്രവൃത്തി നിർവ്വഹണം നടത്തേണ്ടതാണെന്ന് സർക്കുലർ നമ്പർ ഇ20/6699/2018/സി.ഇ./ത.സ്വ.ഭ.വ. തീയതി 21.06.2018 പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കും മുമ്പുള്ള വിശദമായ സൈറ്റ് പരിശോധനയുടെ പ്രാധാന്യം കെ.പി.ഡബ്ല്യു.ഡി. മാന്വൽ ഖണ്ഡിക 1601.1.2 ലും പ്രതിപാദിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിൽ എ.ഇ. നിർവ്വഹണ ഉദ്യോഗസ്ഥനായ 69 പദ്ധതികളിൽ മൂന്ന് പ്രോജക്ടുകൾ നടത്താനാകാതെ ഉപേക്ഷിക്കേണ്ടിവന്നു. കൂടാതെ 30 പ്രോജക്ടുകളുടെ എസ്റ്റിമേറ്റുകൾ റിവൈസ് ചെയ്തു. ഇപ്രകാരം സ്ഥല പരിശോധന നടത്താതെയും, ഗുണഭോക്താക്കളുമായി ചർച്ച നടത്താതെയും എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് മൂലം നിർവ്വഹണ ഘട്ടത്തിൽ പല പദ്ധതികളിലും കാതലായ മാറ്റങ്ങൾ വരുത്തി, എസ്റ്റിമേറ്റ് ഭേദഗതി ചെയ്യേണ്ടിവന്നതായി കാണുന്നു. ഇത് സംബന്ധിച്ച് 25.08.2022 ന് നൽകിയ 7/20-21 ഓഡിറ്റ് അന്വേഷണങ്ങൾക്ക് നൽകിയ മറുപടിയിൽ ജലജീവൻ പദ്ധതി പ്രകാരം പൈപ്പ് ലൈൻ കുഴി എടുത്തതിനാലും എസ്റ്റിമേറ്റ് സമയത്ത് ചില വസ്തുതകൾ ശ്രദ്ധയിൽ പെടാത്തതിനാലുമാണ് ഇത്തരത്തിലുള്ള അപാകത സംഭവിച്ചതെന്ന് അറിയിച്ചിട്ടുണ്ട്. പദ്ധതികളുടെ സുഗമമായ നടത്തിപ്പിന് മേൽ സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-23 ലൈഫ് ഭവനപദ്ധതി ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

1. പദ്ധതി – ലൈഫ് – എസ്.റ്റി. അഡീഷണൽ

പ്രോജക്ട് നം. – 45/22

അടങ്കൽ – 5821566/-

ചെലവ് – 1440000/-

നിർവഹണം – വി.ഇ.ഒ.

ലൈഫ് എസ്.റ്റി ഭവന പദ്ധതിയുടെ ഫയൽ, രജിസ്റ്റർ, ബാങ്ക് അക്കൗണ്ട് വിവരങ്ങൾ എന്നിവ പ്രകാരം ശ്രീ.അനിൽകുമാർ കാണി, വിജിതാ ഭവൻ, വ്ലാവെട്ടി കോട്ടൂർ പി.ഒ എന്ന ഗുണഭോക്താവ് ഭവനനിർമ്മാണത്തിനായി 40000/-രൂപ കൈപ്പറ്റിയിട്ടുണ്ട്. രജിസ്റ്റർ പരിശോധിച്ചതിൽ ടിയാൻ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്തതായി കാണുന്നു. തുടർ നടപടികൾ സ്വീകരിച്ചിരുന്നെങ്കിൽ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നിർവഹണോദ്യോഗസ്ഥന് ഓഡിറ്റ് എൻക്വയറി (നം. 30) നൽകിയിരുന്നു. എന്നാൽ പ്രസ്തുത ഗുണഭോക്താവിന് വ്യക്തിപരമായ കാരണങ്ങളാൽ നിലവിൽ വീട് നിർമ്മാണം പൂർത്തീകരിക്കാൻ കഴിയില്ലായെന്നും കൈപ്പറ്റിയ തുക തിരികെ ഒടുക്കാൻ തയ്യാറാണെന്നും അറിയിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി.

2. പദ്ധതി – ലൈഫ് – എസ്.സി. അഡീഷണൽ

പ്രോജക്ട് നം. – 40/22

അടങ്കൽ – 6560000/-

ചെലവ് – 600000/-

നിർവഹണം – വി.ഇ.ഒ.

ലൈഫ് എസ്.സി അഡീഷണൽ പദ്ധതിയുടെ ഫയൽ, രജിസ്റ്റർ,ബാങ്ക് അക്കൗണ്ട് വിവരങ്ങൾ എന്നിവ പ്രകാരം ശ്രീ. ചക്രപാണി, തോട്ടരികത്തുവീട് കുരഞ്ചിമം, പന്ത. പി.ഒ. എന്ന ഗുണഭോക്താവ് 200000/- രൂപ കൈപ്പറ്റിയിരുന്നു. എന്നാൽ രജിസ്റ്റർ പരിശോധിച്ചതിൽ ടിയാൻ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്തതായി കാണുന്നു. തുടർ നടപടികൾ സ്വീകരിച്ചിരുന്നെങ്കിൽ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നിർവഹണോദ്യോഗസ്ഥന് ഓഡിറ്റ് എൻക്വയറി (നം. 30) നല്കിയപ്പോൾ ഗുണഭോക്താവ് ലിന്റൽ വരെയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും ഉടൻ ഭവന നിർമ്മാണം പൂർത്തിയാക്കി വിവരം അറിയിക്കുമെന്നും മറുപടി ലഭ്യമാക്കി .

മേൽ സൂചിപ്പിച്ച ഇരു പ്രവൃത്തികളിലെയും ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധ ഈ വിഷയത്തിൽ പതിയേണ്ടതാണ്. തുടർ നടപടി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-24 പദ്ധതി ആസൂത്രണത്തിന്റെ ഭാഗമായുള്ള പ്രിന്റിംഗ് നടപടികൾ-നിയമാനുസൃത ക്വട്ടേഷനുകൾ സ്വീകരിക്കാതെ വാങ്ങൽ നടപടികൾ തുടരുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

പദ്ധതി- – 03/2021-22

അടങ്കൽ – 100000/-

ചെലവ് – 62852/-

സ്റ്റോർ പർച്ചേസ് മാന്വൽ 2013 {സർക്കാർ ഉത്തരവ്.ജി.ഒ.(പി)നം.03/2013എസ്.പി.ഡി.തീയതി.21.06.2013} ഖ.7.6,7.31 എന്നിവ പ്രകാരം 15000/- രൂപയ്ക്ക് മുകളിൽ 100000/-രൂപ വരെയുള്ള വാങ്ങലുകൾക്ക് ക്വട്ടേഷൻ ക്ഷണിക്കേണ്ടതാണെന്നും ഖ.7.2 പ്രകാരം ഭാഗികമായ വാങ്ങലുകൾ നടത്തുവാനായി ആവശ്യകതയെ ചെറിയ ഘടകങ്ങളാക്കി വിഭജിക്കുവാൻ പാടില്ലായെന്നും വ്യക്തമാക്കുന്നു. എന്നാൽ ഈ നടപടികൾ പാലിക്കാതെ റോസ് പ്രസ്സ് കള്ളിക്കാട് മൈലക്കര എന്ന സ്ഥാപനത്തിൽ കരട് പദ്ധതിരേഖകൾ പ്രിന്റ് ചെയ്തതിന് 22111/- രൂപയും അന്തിമ പദ്ധതിരേഖ പ്രിന്റ് ചെയ്തതിന് 16875/- രൂപയും നൽകിയിട്ടുണ്ട്. വിവരം ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് നം. & തീയതി | നൽകിയ തുക |
|---|---|
| 526.തീയതി.25.08.2021 | 22111 |
| 544.തീയതി.ചേർത്തിട്ടില്ല | 16875 |

പ്രസ്തുത നടപടികൾക്ക് ക്വട്ടേഷൻ ക്ഷണിച്ചിട്ടുണ്ടെങ്കിൽ മറുപടി ലഭ്യമാക്കാൻ/രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം. 32/2022 നൽകിയിരുന്നു. മറുപടി ലഭ്യമാക്കിയില്ല. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതും സർക്കാർ ഉത്തരവ് പാലിച്ച് വാങ്ങൽ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-25 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാൻ അവശേഷിക്കുന്ന പദ്ധതികൾ

സെക്രട്ടറി നിർവഹണം നടത്തിയതും വിവിധ ഏജൻസികൾക്ക് മുൻകൂറായി നൽകിയതുമായ പദ്ധതി തുകകൾക്ക് നാളിതുവരെയും വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല.

| പദ്ധതി നം. | പദ്ധതിയുടെ പേര് | നൽകിയ തുക | ബിൽ നം./ ചെക്ക് നം. തീയതി. | തുക കൈപ്പറ്റിയ ഏജൻസി/ സ്ഥാപനം |
|---|---|---|---|---|
| 129 | പൈപ്പ് ലൈൻ നീട്ടൽ | 2310100 | | അസിസ്റ്റന്റ് എഞ്ചിനീയർ കേരള വാട്ടർ അതോരിറ്റി നെയ്യാറ്റിൻകര. |
| 01 | ഐ.കെ.എം.വിഹിതം നൽകൽ | 72703 | നം31-തീയതി 15.09.21 | ഇൻഫർമേഷൻ കേരളാ മിഷൻ |
| 02 | എസ്.എസ്.കെ.വിഹിതം അടവാക്കൽ | 200000 | നം39-തീയതി 27.10.21 | പ്രോജക്ട് ഡയറക്ടർ എസ്.എസ്.കെ. തിരുവനന്തപുരം |
| 21 | ജില്ലാ ആസൂത്രണ സമിതി മന്ദിരത്തിന് തുക കൈമാറൽ | 200000 | നം33-തീയതി 15.09.21 | ചെയർ പേഴ്സൺ മെമ്പർ സെക്രട്ടറി ഡി.പി.സി. |

വിനിയോഗ സാക്ഷ്യപത്രങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്.(നം.16/2022)മറുപടി ലഭ്യമാക്കിയില്ല.വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് അവ ഓഡിറ്റിന് പരിശോധനയ്ക്ക് ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക തടസ്സപ്പെടുത്തുന്നതാണ്.

## 1-26 സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് പദ്ധതി- അപാകതകൾ സംബന്ധിച്ച്

പദ്ധതി -പഞ്ചായത്തിൽ തെരുവ് വിളക്ക് സ്ഥാപിക്കൽ

പദ്ധതി നം -173/22

അടങ്കൽ -326126

-ധനകാര്യകമ്മിഷൻ അവാർഡ്

ചെലവ് -325641

നിർവഹണം -സെക്രട്ടറി

ബിൽ നം -56-14.03.2022

പഞ്ചായത്തിൽ തെരുവ് വിളക്ക് സ്ഥാപിക്കലിനായി തൻവർഷം ഏറ്റെടുത്ത ഈ പദ്ധതി പ്രകാരം 325641/-രൂപയ്ക്ക് 140 എൽ.ഇ.ഡി.ലൈറ്റുകൾ (18W) KREWS എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. പദ്ധതിയുടെ

രൂപീകരണത്തിലും നിർവഹണത്തിലും ചുവടെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1) പദ്ധതി ആസൂത്രണത്തിനുമുമ്പ് ഗ്രാമ പഞ്ചായത്തിൽ നിലവിലുള്ള പ്രവർത്തിക്കുന്നതും പ്രവർത്തിക്കാത്തതുമായ തെരുവ് വിളക്കുകകളുടെ കണക്കെടുപ്പ് നടത്തിയതായി കാണുന്നില്ല.

2) ലൈറ്റുകളുടെ അറ്റകുറ്റപണി നടത്തുന്നതിനു മുമ്പെ കെ.എസ്.ഇ.ബി.യിൽ നിന്നും അനുവാദം വാങ്ങിയതായി കാണുന്നില്ല.

3) മുൻവർഷങ്ങളിൽ സ്ഥാപിച്ച ഏതെല്ലാം ലൈറ്റുകളാണ് മാറ്റി സ്ഥാപിച്ചതെന്നോ അത്തരം ലൈറ്റുകളുടെ വാറണ്ടി കാലാവധി സംബന്ധിച്ചോ വിവരം ലഭ്യമല്ല.

4) പഴയ കേടുവന്ന ലൈറ്റുകൾ മാറ്റി സ്ഥാപിച്ചപ്പോൾ ഏതെല്ലാം സ്പെയർപാർട്ടുകളാണ് മാറ്റിയതെന്നോ മാറ്റിയവയുടെ രജിസ്റ്ററോ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

5) പുതിയ ലൈറ്റുകൾ സ്റ്റോക്കിൽ ചേർത്തതിന്റെ വിവരം ലഭ്യമല്ല.

6) പഴയ കേടുവന്ന ലൈറ്റുകൾ മാറ്റിയവയുടെ എണ്ണം ഇവയെ സംബന്ധിക്കുന്ന മറ്റ് വിവരങ്ങൾ എന്നിവ ലഭ്യമല്ല.

അപാകതകൾ അറിയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി.നം.15/2022തീയതി: 26.08.2022) മറുപടി ലഭ്യമാക്കിയില്ല. അടിയന്തിരമായി മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-27 പടപ്പറ റോഡ് മെയിന്റനൻസ്-പ്രവൃത്തി നിർവഹണത്തിലെ അപാകതകൾ

പദ്ധതി നം – 150/2022

അടങ്കൽ – 495000/-

ചെലവ് – 473562/-

പി.എ.സി. – 441034/-

നിർവഹണം – അസി.എഞ്ചിനീയർ

കൺവീനർ- – രഞ്ചുലാൽ

ബിൽ നം – 20/തീ. 18/03/22

എം ബുക്ക് നം – 755/20-21

ടി പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ ചുവടെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. ടാർ ചെയ്തതിനെക്കാൾ കൂടുതൽ പ്രദേശത്ത് WMM ഉപയോഗിച്ചിരിക്കുന്നു.

ഗ്രാമ പഞ്ചായത്ത് നിർവഹിച്ച റോഡ് മെയിന്റനൻസ് പ്രവൃത്തിയിൽ യഥാർത്ഥത്തിൽ ടാർ ചെയ്ത അളവിനെക്കാൾ കൂടുതൽ പ്രദേശത്ത് WMM ഉപയോഗിച്ചു. ടാറിംഗ് ചെയ്യുന്ന ഭാഗത്ത് മാത്രമേ WMM ചെയ്യേണ്ടതുള്ളൂ എന്നിരിക്കെ WMM ന് അധിക അളവും തുകയും അനുവദിക്കാൻ ഇടയായി. വിവരം ചുവടെ ചേർക്കുന്നു.

ടി പ്രവൃത്തിയിൽ ഇനം നം 1 ആയി 65.527m$^3$ അളവിൽ Wmm നിർവഹിച്ച് തുക നല്കിയിട്ടുണ്ട്. Second Metalling=75mm കനത്തിൽ ആകെ 873m$^2$ൽ Wmm ചെയ്തിട്ടുണ്ട്. എന്നാൽ തുടർന്നുള്ള ടാറിംഗ് ഇനങ്ങളായ Prime Coat, Tack Coat, Chipping Carpet, Seal Coatഎന്നിവ 845.298m$^2$ മാത്രമാണ് നിർവഹിച്ചിരിക്കുന്നത്. ഇവിടെ 27.702m$^2$ (2.1M3=27.702x0.75). അധികമായി Wmm ചെയതിന്റെ യുക്തി വ്യക്തമല്ല. Wmm ചെയ്ത ഭാഗത്ത് ടാറിംഗ് നടത്താത്തതിനാൽ ആയത് ഫലപ്രദമാകുകയില്ല എന്ന് വിലയിരുത്തുന്ന കാരണം വിശദീകരിക്കേണ്ടതാണ്. തുക നൽകിയതിൽ അധികച്ചെലവ് വന്നിട്ടുണ്ട്.

ഈയിനത്തിൽ അധികം നൽകിയ തുക=27.702m2x0.75m$^3$=2.1m$^3$

2.1m3@2999.36/-m$^3$=6298/-രൂപ.

2. പ്രവൃത്തി പൂർത്തീകരണത്തിലെ കാലതാമസം-നിയമാനുസൃത പിഴ ഈടാക്കിയില്ല.

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2012 സെക്ഷൻ 2112 പ്രകാരം കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തി ദീർഘിപ്പിക്കേണ്ട സാഹചര്യങ്ങളിൽ കരാറുകാരൻ നിർവഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും പി.എ.സി.യുടെ ഒരു ശതമാനം പിഴ (പൂർത്തീകരണ കാലാവധിയുടെ 25%വരെ) ഈടാക്കിക്കൊണ്ട് ഒറ്റത്തവണ ദീർഘിപ്പിച്ച് നൽകാവുന്നതാണ്.തുടർന്നും ദീർഘിപ്പിക്കുന്ന പക്ഷം രണ്ട് ശതമാനം പിഴ (പൂർത്തീകരണ കാലാവധിയുടെ 50%വരെ) ഈടാക്കിക്കൊണ്ടും ദീർഘിപ്പിക്കാവുന്നതാണ്. എന്നാൽ മേൽ നിർദ്ദേശങ്ങൾ പാലിക്കാതെയും പിഴ ഈടാക്കാതെയും ഈ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

പ്രവൃത്തിയുടെ കരാർ ചമച്ച് സൈറ്റ് വിട്ടുനൽകിയത് – 08.10.2020

പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്ന ദിവസം (4 മാസം) – 07.02.2021

പ്രവൃത്തി പൂർത്തീകരിച്ച ദിവസം – 04.03.2021

ഈടാക്കേണ്ടിയിരുന്ന പിഴ- (പി .എ).സിയുടെ 1% ) – 4410/-രൂപ

അപാകതകൾ ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 36) മറുപടി ലഭ്യമാക്കിയില്ല. ഓഡിറ്റ് റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസ്സത്തിനുള്ളിൽ ഖണ്ഡികയിലെ പരാമർശങ്ങൾക്ക് വ്യക്തമായ മറുപടി നൽകേണ്ടതും ഭാവിയിൽ അപാകതകൾ ഒഴിവാക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 മഞ്ചാടിമൂട്-പള്ളിവിള നടപ്പാത ഇൻറർലോക്കിംഗ്-ചെയ്യാത്ത പ്രവർത്തിക്ക് അനുവദിച്ച തുക തിരിച്ചടവാക്കേണ്ടതാണ്-5475/ രൂപ നഷ്ടം

പ്രോജക്റ്റ് നം/ പേര് – 237/21, So 147/22 (മഞ്ചാടിമൂട്-പള്ളിവിള നടപ്പാത ഇൻറർലോക്കിംഗ്)

എസ്റ്റിമേറ്റ് തുക – 196000/

ചെലവ് തുക – 1,46,928/

ബിൽ നം – 40/18.03.22/

എം ബുക്ക് നം – 674/21

കരാറുകാരൻ – കൃഷ്ണൻ കുട്ടി .എ

പ്രോജക്റ്റ് പ്രകാരം 86m നീളത്തിലും 2m വീതിയിലും നടപ്പാത ഇൻറർലോക്ക് ചെയ്യുന്നതിനും 29m നീളത്തിലും 0.25m വീതിയിലുള്ള കോൺക്രീറ്റ് കെട്ടിനും വേണ്ടിയാണ്.എന്നാൽ സ്ഥലപരിശോധനയിൽ കോൺക്രീറ്റ് കെട്ടിന്റെ നീളത്തിൽ കുറവ് കണ്ടു. വിശദാംശം ചുവടെ ചേർക്കുന്നു.

സിമെൻറ് കെട്ട്

| ഐറ്റം നം. | ഐറ്റത്തിന്റെ പേര് | എംബുക്ക് പ്രകാരമുള്ള അളവ്) | സ്ഥലപരി ശോധനയിൽ കണ്ട അളവ് | നിരക്ക് | അനുവദിച്ച തുക | അനുവദിക്കാവുന്ന തുക | അധികം അനുവദിച്ച തുക |
|---|---|---|---|---|---|---|---|
| 11.1.1.1 | എർത്ത് വർക്ക് എക്സ്കവേഷൻ | $3.943m^3$ | $3.047\ M^2$ | 513.07 | 2023/- | 1563/- | 460/- |
| OD | സിമന്റ് കോൺക്രീറ്റിംഗ് (സെന്ററിംഗ് & ഷട്ടറിംഗ് 1:4;8. | $3.943m^2$ | $3.047\ M^2$ | 4480.71 | 17,667/- | 13652/- | 4015/- |
| 11.4.2.1 | Pcc Grade M15) 1:2,5:5 | 3.943m3 | 3.047 M3 | 7208.42 | 21,949/ (Ltd To Estimate (2.9) | 20949/ | 1000/ |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | |
| | | (മഞ്ചാടിമൂട്-പള്ളിവിള നടപ്പാത ഇൻറർലോക്കിംഗ് | | | ആകെ | | 5475/ |

പ്രസ്തുത പ്രവൃത്തിയുടെ സ്ഥലപരിശോധന 29.08.2022 ന് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയിട്ടുണ്ട്. ആയതിൽ യഥാർത്ഥ നീളം 7.60 എന്നതിന് പകരം 17.60 എന്ന കണക്കിലാണ് ബിൽ തയ്യാറാക്കിയത് എന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം അധികത്തുക നൽകിയതായി വ്യക്തമാകുന്നു. അധികമായി അനുവദിച്ച തുക നിരാകരിക്കുന്നു. തുക തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.

ജില്ലാ പഞ്ചായത്ത് വിഹിതം

| ജില്ലാ പഞ്ചായത്ത് | തൻവർഷം ലഭിച്ച തുക (പദ്ധതി) | ലഭിച്ച തുക | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| | മുന്നിരിപ്പ്-408649 | 0 | 408649 | 0 | 408649 |
| | ലൈഫ് ഭവനപദ്ധതി(പദ്ധതി നം 56) | 320000 | 320000 | 320000 | 0 |
| | സ്നേഹസ്പർശം (പദ്ധതി നം 59) | 320625 | 320625 | 320625 | 0 |
| | ലൈഫ് (എസ് റ്റി)(പദ്ധതി നം 45) | 500000 | 500000 | 500000 | 0 |
| | ക്ഷീര സമൃദ്ധി (പദ്ധതി നം 33) | 50143 | 50143 | 50143 | 0 |
| | ക്ഷീര സമൃദ്ധി വനിത (പദ്ധതി നം 39) | 399671 | 399671 | 399671 | 0 |
| ആകെ | | 1590439 | 1999088 | 1590439 | 408649 |

ബ്ലോക്ക് പഞ്ചായത്ത് വിഹിതം

| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | തൻവർഷം ലഭിച്ച തുക (പദ്ധതി) | ലഭിച്ച തുക | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| | മുന്നിരിപ്പ്-846776 | 0 | 846776 | 0 | 858776* |
| | സ്നേഹസ്പർശം (പദ്ധതി നം 59) | 320625 | 320625 | 320625 | 320625 |
| | ക്ഷീര സമൃദ്ധി (പദ്ധതി നം 33) | 134529 | 134529 | 134529 | 134529 |
| | ക്ഷീര സമൃദ്ധി വനിത (പദ്ധതി നം 39) | 399713 | 399713 | 399713 | 399713 |
| | അനുപൂരക പോഷകപരിപാടി | 175000* | 175000* | 175000* | 175000* |

| | | | | | |
|---|---|---|---|---|---|
| | (പദ്ധതി നം 57) | | | | |
| | ആകെ | 1029867* | 1876643 | 1029867* | 858776* |

*RP-7 പ്രകാരം വരവ് തുക 854867 ആണ്.

*വാർഷിക ധനകാര്യപത്രിക പ്രകാരം നീക്കിയിരിപ്പ് 858776 ആണ്.12000/-രൂപ അധികമായി നീക്കിയിരിപ്പിൽ കാണുന്നു. വ്യത്യാസം ക്രമീകരിക്കേണ്ടതാണ്.

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ .

| നിർവഹണ ഏജൻസി | മുന്നിരിപ്പ് | തൻവർഷം നൽകിയ തുക വിവരങ്ങൾ പ്രവൃത്തിയുടെ പേര് | നൽകിയ തുക | ചെലവഴിച്ച തുക(എ.എഫ്.എസ്സ് പ്രകാരം) | ചെലവഴിക്കവാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | 671742 | വൈദ്യുത ലൈൻ നീട്ടൽ(127/22) | 2857098 | 1067927 | 2460913 |
| KWA | 3705055 | പൈപ്പ് ലൈൻ നീട്ടൽ (129/22) | 2310100 | ഇല്ല | 6015155 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്.

| വായ്പയുടെ പേര് | വർഷാരംഭത്തിൽ തിരിച്ച് അടവാക്കാൻ ബാക്കിയുണ്ടായിരുന്ന തുക | വരവ് തുക | തൻവർഷം തിരിച്ച് അടവാക്കിയതുക | വർഷാവസാനം ബാക്കിയുള്ള തുക |
|---|---|---|---|---|
| KURDFC ലോൺ | 8232021 | 980000 | 865333 | 8346688 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| ക്രമ നം | റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം/തീയതി |
|---|---|---|---|---|---|
| 1 | 2019-20 | പദ്ധതി നം 73/2019-20 | 178 | ശ്രീ.വിനോദ്.കെ കരാറുകാരൻ | 121180100007 തീയതി.19.03.2022 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ചാർജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 75576583 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 71337634 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 5475 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 598690 |

(ബി). ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 5475 | ശ്രീമതി.രമ്യ.എം അസിസ്റ്റന്റ് എഞ്ചിനീയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 497839 | ഡോ.അജോഷ് തമ്പി.മെഡിക്കൽ ഓഫീസർ,തറയിൽ ചാരുമ്മൂട് |
| 1-17 | 851 | ശ്രീ രതീഷ്, ഡയറി ഫാം ഇൻസ്ട്രക്ടർ |
| 1-18 | 100000 | ശ്രീ.ചന്ദ്രകുമാർ.എച്ച്.എം-ശ്രുതിലയം,അരുമാളൂർ,കണ്ടല.പി.ഒ |

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും.

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ)ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം. |
|---|---|---|
| ഡോ.അജോഷ് തമ്പി.മെഡിക്കൽ ഓഫീസർ, | പി.എച്ച്.സി.നെയ്യാർഡാം | തറയിൽ ചാരുമ്മൂട് |
| ശ്രീ.ചന്ദ്രകുമാർ.എച്ച്.എം- | ഗവ.ട്രൈബൽ.എൽ.പി.എസ്സ് വ്ലാവെട്ടി. | ശ്രുതിലയം,അരുമാളൂർ,കണ്ടല.പി.ഒ |
| ശ്രീമതി.രമ്യ.എം അസിസ്റ്റന്റ് എഞ്ചിനീയർ | കള്ളിക്കാട് ഗ്രാമപഞ്ചായത്ത് | ബാലാലയം,ഇന്ദിരാനഗർ നെടിയാംകോട്. |
| ശ്രീ രതീഷ്, ഡയറി ഫാം ഇൻസ്ട്രക്ടർ | | രതീഷ് നിലയം, ഒലിപ്പ് നട, നരുവാമൂട് പി.ഒ |

## 4-10 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01 | KSA.TVM.GP.5/596/2022, തീയതി 13.10.2022 | 1 |
| 2007-08 | KSA.TVM.GP.5/596/2022, തീയതി 13.10.2022 | 2 |
| 2008-09 | KSA.TVM.GP.5/596/2022, തീയതി 13.10.2022 | 2 |
| 2009-10 | KSA.TVM.GP.5/596/2022, തീയതി 13.10.2022 | 1 |
| 2010-11 | KSA.TVM.GP.5/596/2022, തീയതി 13.10.2022 | 7 |
| 2011-12 | KSA.TVM.GP.5/596/2022, തീയതി 13.10.2022 | 8 |
| 2012-13 | KSA.TVM.GP.5/596/2022, തീയതി 13.10.2022 | 3 |
| 2013-14 | KSA.TVM.GP.5/596/2022, തീയതി 13.10.2022 | 2 |
| 2014-15 | KSA.TVM.GP.5/596/2022, തീയതി 13.10.2022 | 17 |

| | | |
|---|---|---|
| 2015-16 | KSA.TVM.GP.5/596/2022, തീയതി 13.10.2022 | 4 |
| 2016-17 | KSA.TVM.GP.5/596/2022, തീയതി 13.10.2022 | 2 |
| 2017-18 | KSA.TVM.GP.2/165/2019 തീയതി, 20.08.2019 | 6 |
| 2018-19 | KSA.TVM.GP.2/2189/2019, 11/11/2020 | 12 |
| 2019-20 | KSA.TVM.GP.2/16/2022, 02/02/2022 | 36 |
| 2020-21 | KSA.TVM.GP.2/318/2022 11/05/2022 | 48 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
തിരുവനന്തപുരം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ കള്ളിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ കള്ളിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്